# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




Vol. LXXIII February 2023 No. 2

## മെൽബൺ രൂപതയുടെ നിയുക്തമെത്രാൻ



# മാർ ജോൺ പനന്തോട്ടത്തിലിന്

## പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ



# ഇടയനടുത്ത സന്ദർശനത്തിൽ നിന്ന്
# ജോസ് മൗണ്ട് (ഇല്ല്യാരി) ഇടവക

# മംഗളാരാം ഇടവകയുടെ ഇടവകപ്രഖ്യാപനവും
# ഇടയനടുത്ത പ്രഥമസന്ദർശനവും
# 15 ജനുവരി 2023



“നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.”

(മത്തായി 5: 14–16)

*‘സാന്ത്വനപ്രകാശമേ, നയിച്ചാലും’*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**FEBRUARY 2023**
**Vol. LXXIII No. 2**

# CONTENTS

സിനഡ് അനന്തര സർക്കുലർ ........................................111

സർക്കുലർ ........................................ 121

അറിയിപ്പ് ........................................ 127

Transfer List ........................................ 129

അറിയിപ്പ് ........................................ 134

വാർത്തകൾ ........................................ 138

ആദരാഞ്ജലികൾ ........................................ 168

അഭിവന്ദ്യ പിതാവിന്റെ ഡയറി ........................................ 176

Prot. No. 0029 2023

# സിനഡ് അനന്തര സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്**
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കുംശേഷം ജനുവരി 9 മുതൽ 14 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധ ജീവിതംകൊണ്ടും തിരുസ്സഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് സിനഡ് സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായി ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർസഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്കാര ശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും

പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ബെനഡിക്ട് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജ്ജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

**ഏകീകൃത കുർബാനയും എറണാകുളം-അങ്കമാലി അതിരൂപതയും**

ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം - അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലനപ്രശ്നങ്ങളെ സിനഡ് വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരു മനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡ് സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാനപ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർമുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർ സഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ തികച്ചും അസാധാരണമായ നടപടിയെന്നനിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25 നും ഫ്രാൻസിസ് മാർപാപ്പാ രണ്ടു കത്തുകളിലൂടെ നേരിട്ട് ആവർത്തിച്ച് ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർ സഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനക്രമവിഷയങ്ങളിൽ അന്തിമതീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡും ശ്ലൈഹികസിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാന

മെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹികസിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വിശുദ്ധ കുർബാനയർപ്പിക്കുന്നതു നിയമവിരുദ്ധ മാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽപ്പറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ടുള്ള ചർച്ചകൾ ക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ.

എറണാകുളം-അങ്കമാലി അതിരൂപത നിലവിൽ അപ്പ സ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻകീഴിലായ തിനാൽ സിനഡിനു നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശപ്രകാരം എറണാകുളം - അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗ സമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനു കൂലിക്കുന്നവരുമായി സമിതി പലതവണ ചർച്ചകൾ നടത്തി. അതിരൂപതാ കൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നടന്നു. കൂടാതെ, അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയും വഴി ഈ അനുരഞ്ജനപ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്ന രീതിയിൽ ഏകീ കൃതബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാ കുളം-അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യ പൂർവം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ച കൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ച കളിലെങ്കിലും ഏകീകൃതരൂപത്തിലുള്ള കുർബാനയർപ്പിച്ചു

കൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡ് പിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാനദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർച്ചുബിഷപ്പിന്റെ കാർമികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ച് ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താമെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ, ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽവിവരിച്ച തത്ത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാപിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ, ചർച്ചകൾ തുടരാൻ ഏതാനും അല്മായപ്രമുഖരോടും ഞങ്ങൾ സഹായം തേടിയിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയൈക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരികപ്രബോധനങ്ങളും തീരുമാനങ്ങളും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ചർച്ചകളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടനങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദികരോടും സന്ന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ

ആഹ്വാനം ചെയ്യുന്നു. മാർപാപ്പായുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പാ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധ പിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടുവന്ന എറണാകുളം - അങ്കമാലി അതിരൂപതയിലെ വൈദികരുടെയും അല്മായസഹോദരങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീലനമാണ് 2000-ാം ആണ്ടുമുതൽ കേരളത്തിലെ വൈദികവിദ്യാർത്ഥികൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരുന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ, ഏകികൃത കുർബാനയർപ്പണരീതി തികച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭയിൽ പ്രധാനമായും രണ്ടുതരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണരീതികളാണ് 1999 വരെ നിലനിന്നിരുന്നത്. പൂർണമായി അൾത്താരാഭിമുഖവും പൂർണമായി ജനാഭിമുഖവും പ്രസ്തുതരീതികളെ സഭയുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണു നിലവിലുള്ള ഏകീകൃത കുർബാനയർപ്പണരീതി സിനഡ് അംഗീകരിച്ചതിനാൽ, ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീകൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 22-ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ തടഞ്ഞതും എറണാകുളം-അങ്കമാലി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രതിഷേധപ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർവഹണ

ത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23, 24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധപ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയും നോക്കിക്കണ്ടത്. വിശുദ്ധ കുർബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ട് റോമിലെ ബന്ധപ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവൃത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്ന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശ്ശബ്ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ചു ബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നുനിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യസ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥികൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കു

മ്പോൾ പൗരോഹിത്യം ദൈവജനത്തിനു കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം എല്ലാ വൈദികരും തിരിച്ചറിയണം.

അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേണ്ടത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

**പുതിയ യാമപ്രാർത്ഥനകൾ**

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്ന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർമുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

**ബഫർസോൺ**

ബഫർസോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11 ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർ സിനഡു വിലയിരുത്തി. മുഴുവൻ ജനവാസകേന്ദ്രങ്ങളെയും കൃഷിഭൂമിയെയും തോട്ടങ്ങളെയും ബഫർസോൺ പരിധിയിൽനിന്ന് ഒഴിവാക്കാനുള്ള സത്വരനടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകും. കണ്ണൂർ ജില്ലയിലെ ആറളംമുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർ വ്യാപിച്ചുകിടക്കുന്ന

കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ജീവിക്കുന്ന ജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സാങ്കേതങ്ങൾക്കു പുറമേ, അട്ടപ്പാടിയിൽ പുതുതായി വനംവകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന ഭവാനി വന്യജീവിസങ്കേതം അട്ടപ്പാടിയെ കൂടുതൽ ദേഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി.

കൃഷിസ്ഥലങ്ങളും ജനവാസകേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡു സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ഭവാനി വന്യജീവിസങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടെന്നും, വന്യജീവി സങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റുതിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും വന്യജീവിസങ്കേതങ്ങളുടെ ബഫർസോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർഥിക്കാൻ സർക്കാരിനു കഴിയണം. നിലവിലുള്ള വന്യജീവിസങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട് കേന്ദ്ര വന്യജീവിബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവേർഡ് കമ്മിറ്റി (CEC) യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രിംകോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതികപിഴവുകൾകൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസമേഖലകളും

കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുതപ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതിസംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

**സംവരണേതരവിഭാഗങ്ങൾക്കുള്ള സംവരണം**

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണമാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാനസർക്കാർ തയ്യാറാകണം. എങ്കിൽ മാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്ര സംസ്ഥാനനിയമങ്ങൾ തമ്മിൽ നിലവിലുള്ള വൈരുധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

**മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ**


സീറോമലബാർ സഭയ്ക്കു ഓസ്ട്രേലിയായിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്കു പുതിയ ഇടയനായി സി.എം.ഐ. സന്ന്യാസസഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പാ നിയമിച്ചു. നിയുക്തമെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭംമുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു സീറോമലബാർ സഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ് എന്നനിലയിലും മെൽബൺ രൂപതാധ്യക്ഷൻ

എന്നനിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കുമുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്ക് നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തര സാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

2023 ജനുവരി 22-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടതാണ്.

Prot. No. 0073/2023

## സർക്കുലർ

# യാമപ്രാർഥനകൾ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർമുതൽ. നവീകരിച്ച യാമപ്രാർഥനക്രമം ഔദ്യോഗികമായി നിലവിൽ വരുന്നതിനെക്കുറിച്ചു കഴിഞ്ഞ സിനഡ് അനന്തര സർക്കുലറിൽ (Prot. No. 0029/2023) സൂചിപ്പിച്ചിരുന്നല്ലോ. അതിന്റെ പശ്ചാത്തലത്തിൽ നവീകരിച്ച യാമപ്രാർഥനക്രമത്തെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

**യാമപ്രാർഥനകൾ**

വിശുദ്ധ കുർബാനയുടെ ചൈതന്യം ദിനരാത്രങ്ങളുടെ വിവിധ യാമങ്ങളിലേക്കു വ്യാപിപ്പിക്കാനും ദൈവസ്തുതികൾ ആലപിച്ചുകൊണ്ടു നമ്മുടെ ജീവിതം വിശുദ്ധീകരിക്കാനും സഹായിക്കുന്ന യാമപ്രാർഥനകൾ സഭയിൽ ആധ്യാത്മിക ശക്തിയുടെ നീർച്ചാലുകളായി നിലകൊള്ളുന്നു. പോൾ ബഡ്ജാൻ എന്ന ലാസറിസ്റ്റ് വൈദികൻ മൂന്നു വാല്യങ്ങളായി 1886, 1887 വർഷങ്ങളിൽ എഡിറ്റുചെയ്ത സുറിയാനിഭാഷയിലുള്ള യാമപ്രാർഥനപ്പുസ്തകങ്ങൾ പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയം 1939 ൽ സീറോമലബാർ, കല്ദായ

സഭകളുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിച്ചിരുന്നു. 1953-ൽ കേരളം സന്ദർശിച്ച പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ യൂജിൻ ടിസറാങ്ങിന്റെ നിർദേശപ്രകാരം സുറിയാനി യാമപ്രാർഥനപ്പുസ്തകങ്ങൾ മലയാളഭാഷയിലേക്കു വിവർത്തം ചെയ്യാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 1973-ൽ ചേർന്ന സീറോമലബാർ ബിഷപ്സ് കോൺഫറൻസ് (SMBC) മലയാളത്തിൽ യാമപ്രാർഥനപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനു തീരുമാനമെടുത്തു. അതിനായി രൂപീകരിച്ച ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ പുസ്തകം 'സീറോമലബാർസഭയുടെ യാമപ്രാർഥനകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചത് 1986-ലാണ്. എന്നാൽ, 1986-നു മുമ്പ് 'കാനോന നമസ്കാരം' എന്ന പേരിൽ മൂന്നു വാല്യങ്ങളിലായി സുറിയാനി യാമപ്രാർഥനകളുടെ ചില ഭാഗങ്ങൾ തിരഞ്ഞെടുത്തു മലയാളത്തിലേക്കു വിവർത്തനം ചെയ്തു വൈദികരുടെയും സമർപ്പിതരുടെയും ഉപയോഗത്തിനായി നല്കിയിരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും സുറിയാനിയിലുള്ള യാമപ്രാർഥനകളുടെ ഘടന ഒരു പരിധിവരെ നിലനിറുത്തിയിരുന്നുവെങ്കിലും അവയിൽ മൂലകൃതിയുടെ തനിമ വേണ്ടത്ര സംരക്ഷിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ കാലങ്ങളിലെയും എല്ലാ ദിവസങ്ങളിലെയും തിരുനാളുകളിലെയും പ്രാർഥനകളും ഗീതങ്ങളും പരിമിതമായി മാത്രമേ അവയിൽ ചേർത്തിരുന്നുള്ളൂ. തന്മൂലം, പൗരസ്ത്യ സുറിയാനിപാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ആവശ്യമായ നവീകരണത്തോടുകൂടി പുതിയ യാമപ്രാർഥനപ്പുസ്തകം തയ്യാറാക്കാൻ സീറോമലബാർ സിനഡ് 2007-ൽ തീരുമാനിച്ചു.

2014 ആഗസ്റ്റ് മാസത്തിലെ സിനഡുസമ്മേളനം യാമപ്രാർഥനപ്പുസ്തകത്തിന്റെ നവീകരണവുമായി മുന്നോട്ടു

പോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. കൂടാതെ, യാമപ്രാർഥനപ്പുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും പൊതുഘടന സിനഡ് അംഗീകരിച്ചുനല്കി. എട്ടു മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മിറ്റിയെ യാമപ്രാർഥനപ്പുസ്തകത്തിന്റെ പരിശോധന യ്ക്കായി സിനഡു തിരഞ്ഞെടുക്കുകയും ചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും സുറിയാനി ഉറവിടങ്ങളിൽനിന്നു പ്രാർഥനകൾ വിവർത്തനം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. തുടർന്ന്, വിവർത്ത നങ്ങളെ ആധാരമാക്കിയും സുറിയാനി ഉറവിടങ്ങൾ പരിശോ ധിച്ചുനോക്കിയും പ്രാർഥനകളും ഗീതങ്ങളും രൂപീകരിച്ചു. ഇപ്രകാരം സബ്കമ്മറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് എല്ലാ രൂപതക ളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത - അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമ പണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി വിശദമായി പഠിച്ചു. കൂടാതെ, സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയംഗങ്ങൾ അനേകം പ്രാവശ്യം സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഒരുമിച്ചുകൂടി നവീകരിച്ച പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്ക ലുകളും നടത്തി ഭാഷാശുദ്ധി വരുത്തുകയും ചെയ്തു. മെത്രാ ന്മാരുടെ സ്പെഷ്യൽ കമ്മിറ്റി നിരവധി പ്രാവശ്യം സമ്മേളിച്ചു. പ്രാർഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗീകരിച്ച ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചു.

ഇങ്ങനെ നവീകരിച്ച യാമപ്രാർഥനപ്പുസ്തകം 2022 ആഗസ്റ്റ് 16 മുതൽ 25 വരെ നടന്ന മുപ്പതാം സിനഡിന്റെ രണ്ടാം

സമ്മേളനത്തിൽ അംഗീകരിച്ചു. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ 2022 ഒക്ടോബർ 30 നു മുമ്പ് ആരാധനക്രമകമ്മീഷനിൽ അറിയിക്കാനായി, യാമപ്രാർഥന പുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും സമർപ്പിതസമൂഹങ്ങളുടെ സുപ്പീരിയർമാർക്കും അയച്ചുകൊടുത്തു. അവർ നല്കിയ നിർദേശങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിച്ചശേഷം ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് നവീകരിച്ച യാമപ്രാർഥനകൾ 2023 ജനുവരി ദനഹാത്തിരുനാളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**യാമപ്രാർഥനകളുടെ ചൈതന്യത്തിലേക്ക്**

യാമപ്രാർഥനകളിലെ ഗീതങ്ങളുടെയും പ്രാർഥനകളുടെയും പ്രഥമമായ അടിസ്ഥാനം ദൈവവചനംതന്നെയാണ്. ഒപ്പം, വിശുദ്ധരായ സഭാപിതാക്കന്മാർ ദൈവവചനത്തിനു നല്കിയ വ്യാഖ്യാനങ്ങളും ധ്യാനചിന്തകളും അതിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ദൈവവചനത്തിന്റെ ആഘോഷമാണ് യാമപ്രാർഥനകൾ എന്നു മനസ്സിലാക്കാൻ കഴിയും. ഈ യാമപ്രാർഥനകളിലൂടെ ദൈവവചനം കൂടുതൽ ധ്യാനിക്കാനും വചനബദ്ധമായ ജീവിതം നയിക്കാനും നമ്മെ സഹായിക്കുമെന്നതു നിസ്തർക്കമാണ്. സഭയുടെ മനസ്സോടുചേർന്നു ദൈവവചനം ഉൾക്കൊള്ളാനും അതിന്റെ വ്യാഖ്യാനങ്ങളെ മനസ്സിലാക്കാനും യാമപ്രാർഥനകൾ നമ്മെ സഹായിക്കും.

ആരാധനാവത്സരത്തിലെ പ്രധാനപ്പെട്ട തിരുനാളുകൾ ഉൾപ്പെടെ, ഒരോ ദിവസത്തിന്റെയും പ്രത്യേകം പ്രത്യേകം പ്രാർഥനകൾ നവീകരിച്ച യാമപ്രാർഥനപ്പുസ്തകത്തിലുണ്ട്. പ്രാർഥനകളുടെ വൈവിധ്യംമൂലം പുസ്തകത്തിന്റെ വലിപ്പം

താരതമ്യേന കൂടിയിട്ടുണ്ടെങ്കിലും അനുദിന പ്രാർഥനകളുടെ സമയദൈർഘ്യം കൂടുന്നില്ല. കൂടുതൽ ആഘോഷപൂർവകമാ ക്രമവും സാധാരണക്രമവും ഉൾക്കൊള്ളുന്ന ഈ പ്രാർഥന പ്പുസ്തകം മാത്രമല്ല, യാത്രപോലെയുള്ള പ്രത്യേകസന്ദർ ഭങ്ങളിൽ ഉപയോഗിക്കാനായി യാമപ്രാർഥനയുടെ ഹ്രസ്വ രൂപവും സിനഡ് അംഗീകരിച്ചുനൽകിയിട്ടുണ്ട്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ ഏഴുനേരത്തേക്കുള്ള യാമപ്രാർഥനകളുണ്ട്. എന്നാൽ, ഇപ്പോൾ സിനഡു തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നതു പ്രധാനപ്പെട്ട മൂന്നു യാമപ്രാർഥന കളാണ്. സന്ധ്യാനമസ്കാരമായ റംശാ, രാത്രിജപമായ ലെലിയാ, പ്രഭാതപ്രാർഥനയായ സപ്രാ എന്നിവയാണവ. ഈ മൂന്നു പ്രാർഥനകളാണ് ഔദ്യോഗികമായി നമ്മുടെ സഭയിൽ ഉപയോഗത്തിലുണ്ടായിരുന്നത്. അതുകൊണ്ടാണ് ആ പ്രാർഥനകൾ മൂലരൂപങ്ങളോടു കൂടുതൽ വിശ്വസ്തത പുലർത്തുന്ന വിധത്തിൽ നവീകരിച്ച് ഇപ്പോൾ സഭാമക്കളുടെ ഉപയോഗത്തിനു രണ്ടു വാല്യങ്ങളിലായി നല്കുന്നത്. മംഗളവാർത്തക്കാലംമുതൽ ഉയിർപ്പുകാലംവരെ ഉൾക്കൊ ള്ളുന്ന ഒന്നാംഭാഗം മിശിഹാരഹസ്യകേന്ദ്രീകൃതമാണ്. സഭാരഹസ്യചിന്തകളാണ് ശ്ലീഹാക്കാലംമുതൽ പള്ളിക്കൂദാശ ക്കാലംവരെ ഉൾക്കൊള്ളുന്ന യാമപ്രാർഥനയുടെ രണ്ടാം വാല്യത്തിൽ നിറഞ്ഞുനില്ക്കുന്നത്. രണ്ടാം വാല്യം താമ സംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

വിശ്വാസികൾ മുഴുവന്റെയും പ്രാർഥനയായ യാമപ്രാർഥന കൾ സഭയുടെ പ്രത്യേക നിയമമനുസരിച്ചു കത്തീഡ്രലുക ളിലും മറ്റു ദൈവാലയങ്ങളിലും എല്ലാദിവസവും പ്രത്യേകിച്ചു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്നു പൗരസ്ത്യസഭാനിയമം (CCEO : 199 §2) അനുശാസിക്കുന്നു.

നവീകരിച്ച യാമപ്രാർഥനപ്പുസ്തകം ഉപയോഗിച്ചു പ്രാർഥിക്കാൻ എല്ലാ വൈദികരോടും സമർപ്പിതരോടും അല്മായ സഹോദരങ്ങളോടും ഞാൻ ആഹ്വാനംചെയ്യുന്നു.

നോമ്പിന്റെ ചൈതന്യത്തിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന നമ്മെ നല്ലവനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! മിശിഹായുടെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! കാരുണ്യവാനായ കർത്താവിനെ സ്തുതികളാലും സങ്കീർത്തനങ്ങളാലും നമുക്ക് ആരാധിക്കാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023-ാം ആണ്ട് ഫെബ്രുവരി മാസം 5-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്

ഈ സർക്കുലറിന്റെ ഉള്ളടക്കം 2023 ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ അറിയിക്കേണ്ടതാണ്.

EPARCHY OF PALAI

BISHOP'S HOUSE PALAI
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail : aramanapala@gmail.com
Web : www.palaidiocese.com

# ANNUAL REPORT – 2022
(from January 01 to December 31)

സ്നേഹ. ബഹു. അച്ചാ,

ഇടവകയെ സംബന്ധിച്ച് ഓരോ വർഷവും Annual Report (വാർഷികറിപ്പോർട്ട്) ശേഖരിക്കാറുണ്ടല്ലോ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വത്തിക്കാൻ കാര്യാലയത്തിലേക്കും മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിലേക്കും റിപ്പോർട്ട് നൽകേണ്ടതും രൂപതാ ഡിറക്ടറി തയാറാക്കേണ്ടതും.

2021-ലെ Annual Report നമ്മുടെ Edayan software -ലൂടെ Online വഴിയായി നാം സമർപ്പിച്ചു. ചുരുക്കം ചില ഇടവകൾ ഒഴികെ മറ്റ് ഇടവകകളെല്ലാം Report വിജയകരമായി Register ചെയ്തു.

കഴിഞ്ഞ വർഷം ചെയ്തതുപോലെ 2022-ലെ വാർഷികറിപ്പോർട്ടും (January 01 to December 31) Online വഴിയാകണം നൽകേണ്ടത്. എല്ലാവിവരങ്ങളും (Datas) കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ. Basic വിവരങ്ങൾ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിൽത്തന്നെ ഉണ്ടല്ലോ.

**Annual Report Submit ചെയ്യേണ്ടത്**

**Edayan software open** ചെയ്യുമ്പോൾ **Parish** എന്ന option, ഇതിന്റെ **ഏറ്റവും താഴെ Annual Registration,** ഈ Form fill ചെയ്ത് **Submit** ചെയ്യുക.

**(Priest Login –PMS – Parish - Annual Registration)**

ആയതിനാൽ ഇടവകയുടെ സ്ഥിതിവിവരക്കണക്കുകൾ ശ്രദ്ധാപൂർവ്വം ഉൾക്കൊള്ളിച്ച് **ഫെബ്രുവരി 15-ാം തിയതിക്കു മുമ്പായി Submit ചെയ്തു** സഹകരിക്കുമല്ലോ. Submit ചെയ്യുന്ന റിപ്പോർട്ടിന്റെ Printed Copy രൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതില്ല. എന്നാൽ, ഇതിന്റെ ഒരു Copy ഇടവകയിൽ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

ബിഷപ്സ്ഹൗസ്
പാലാ, 29.01.2023

THE DIOCESAN CURIA PALAI

ഫാ. ജോസ് കാക്കല്ലിൽ
ചാൻസലർ

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail : aramanapala@gmail.com
Web : www.palaidiocese.com

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് അമേരിക്കയിലെ സെന്റ് തോമസ് സീറോ മലബാർ ചിക്കാഗോ രൂപതാ ദ്ധ്യക്ഷസ്ഥാനത്തുനിന്നു വിരമിച്ച വിവരം നമുക്ക് അറിവുള്ളതാണ ല്ലോ. ആണ്ടുവട്ടത്തിൽ 5-6 മാസങ്ങളെങ്കിലും അങ്ങാടിയത്ത് പിതാവ് നാട്ടിൽ താമസിക്കുന്നതാണ് എന്ന ഏറ്റം സന്തോഷകര മായ വാർത്ത നിങ്ങളെ അറിയിക്കുകയാണ്. അങ്ങാടിയത്ത് പിതാവിന് ഏറ്റം സന്തോഷകരമായ വിശ്രമജീവിതം ആശംസിക്കു ന്നു.

പിതാവിന് താമസസൗകര്യം നമ്മുടെ മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇപ്പോൾ ഏപ്രിൽ മാസം അവസാനംവരെ പിതാവ് ഇവിടെയുണ്ട്. അദ്ദേഹം ഇവിടെയുള്ള അവസരങ്ങളിൽ നമ്മുടെ ഇടവകകളിലേയ്ക്ക് ബഹു. വൈദി കർക്ക് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഹൃദയപൂർവ്വം സ്വാഗതം ചെയ്യാവുന്നതാണ്. മുട്ടുചിറ പ്രീസ്റ്റ് ഹോമിലെ ഡയറക്ടർ ബഹു. ജോർജ് ഒറവച്ചാലിൽ അച്ചനാണ് (Mob: 9605529570) എന്ന കാര്യം നിങ്ങൾക്ക് അറിവുള്ളതാണല്ലോ.

സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.01.2023

# പാലാ രൂപതയിലെ വൈദികരുടെ നിയമനവും സ്ഥലമാറ്റവും

**2023 ഫെബ്രുവരി 11-ാം തീയതി**

പാലാ രൂപതയിലെ അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടറെയും പാലാ കത്തീഡ്രൽ, ഭരണങ്ങാനം, കടുത്തുരുത്തി, പ്രവിത്താനം, കൂട്ടിക്കൽ എന്നീ ഫൊറോനകളിലും മറ്റ് ഏതാനും ഇടവകകളിലും പുതിയ വികാരിമാരെയും അസ്തേന്തി വികാരിമാരെയും സ്ഥാപനങ്ങളിൽ പുതിയ ഡയറക്ടർമാരെയും ബിഷപ് ജോസഫ് കല്ലറങ്ങാട്ട് നിയമിച്ചു. വൈദികരുടെ പുതിയ നിയമനങ്ങളും സ്ഥലമാറ്റങ്ങളും 2023 ഫെബ്രുവരി 11-ാം തിയതി ശനിയാഴ്ച പ്രാബല്യത്തിൽ വരും.

**വികാരിമാർ**

1. ഫാ. ജോർജ് അമ്പഴത്തുങ്കൽ - മംഗളാരാം
2. ഫാ. സക്കറിയാസ് ആട്ടപ്പാട്ട് - ഭരണങ്ങാനം ഫൊറോന
3. ഫാ. ജോസഫ് ചക്കാലയ്ക്കൽ - ചേറ്റുതോട്
4. ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ - കുളമാവ്
5. ഫാ. മാത്യു ചന്ദ്രൻകുന്നേൽ - കടുത്തുരുത്തി ഫൊറോന
6. ഫാ. ജോൺ ചാവേലിൽ - അൽഫോൻസാപുരം
7. ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ - തിടനാട്
8. ഫാ. ജോസ് കാക്കല്ലിൽ - കത്തീഡ്രൽ പാലാ
9. ഫാ. മാത്യു കാലായിൽ - മൂഴൂർ
10. ഫാ. ജോസഫ് കാപ്പിൽ - ജോസ്ഗിരി
11. ഫാ. ദേവസ്യാ കൊല്ലംപറമ്പിൽ - ചെമ്മലമറ്റം
12. ഫാ. ജോസഫ് കോട്ടയിൽ - വയലാ
13. ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി - എഴാച്ചേരി
14. ഫാ. അബ്രാഹം കുളമാക്കൽ - കാക്കൂർ
15. ഫാ. ജോസ് കുന്നപ്പള്ളിൽ - കൊണ്ടാട്
16. ഫാ. അബ്രാഹം കുപ്പപ്പുഴയ്ക്കൽ - മുത്തോലപുരം
17. ഫാ. തോമസ് മഠത്തിപ്പറമ്പിൽ - കുടക്കച്ചിറ
18. ഫാ. ജോസഫ് മണ്ണനാൽ - കാഞ്ഞിരമറ്റം

19. ഫാ. ജോസഫ് മേച്ചേരിൽ - വേലനിലം
20. ഫാ. സ്കറിയ മോടിയിൽ - ചിറ്റാർ
21. ഫാ. തോമസ് മൂലേച്ചാലിൽ - ചേന്നാട്
22. ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് - തുരുത്തിപ്പള്ളി
23. ഫാ. മൈക്കിൾ നരിക്കാട്ട് - രത്നഗിരി
24. ഫാ. തോമസ് ഓലായത്തിൽ- പാദുവ
25. ഫാ. പോൾ പാറയ്ക്കൽ- കയ്യൂർ
26. ഫാ. ജോൺ പൊതീട്ടേൽ - മോനിപ്പള്ളി
27. ഫാ. തോമസ് തയ്യിൽ - ചോലത്തടം
28. ഫാ. മാത്യു തേവർകുന്നേൽ - ഫാത്തിമാപുരം
29. ഫാ. സിറിയക് വടക്കേൽ - കൂടല്ലൂർ
30. ഫാ. ജോസഫ് വടക്കേമംഗലത്ത് - കൂട്ടിക്കൽ ഫൊറോന
31. ഫാ. ജോസ് വള്ളോംപുരയിടത്തിൽ - മണ്ണാറപ്പാറ
32. ഫാ. ജോസഫ് വയലിൽ - കീഴൂർ
33. ഫാ. ജോർജ് വേളൂപ്പറമ്പിൽ - പ്രവിത്താനം ഫൊറോന
34. ഫാ. ജോസഫ് വെട്ടത്തേൽ - ചക്കാമ്പുഴ
35. ഫാ. ജോസഫ് വിളക്കുന്നേൽ - മാവടി

**അസ്തേന്തി വികാരിമാർ**

36. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകോട്ടയിൽ
- കത്തീഡ്രൽ പാലാ
37. ഫാ. ജോസഫ് അട്ടങ്ങാട്ടിൽ - കൂത്താട്ടുകുളം
38. ഫാ. ജോസഫ് ആറ്റുചാലിൽ - പൂഞ്ഞാർ
39. ഫാ. ജോസഫ് ചെങ്ങഴച്ചേരിൽ - മുട്ടുചിറ
40. ഫാ. ജോസഫ് ചൂരയ്ക്കൽ - മാൻവെട്ടം
41. ഫാ. ജോർജ് ഈറ്റയ്ക്കക്കുന്നേൽ - മുട്ടുചിറ
42. ഫാ. മാത്യു കാടൻകാവിൽ - തീക്കോയി
43. ഫാ. മാത്യു കണിയാംപടി - രത്നഗിരി
44. ഫാ. തോമസ് കട്ടിപ്പറമ്പിൽ - ചെമ്മലമറ്റം
45. ഫാ. ആന്റണി കൊല്ലിയിൽ - പ്ലാശനാൽ
46. ഫാ. ജോസഫ് കുറുപ്പശ്ശേരിയിൽ - പ്രവിത്താനം
47. ഫാ. ജോസ് കുഴിഞ്ഞാലിൽ - കൂട്ടിക്കൽ
48. ഫാ. ജോസഫ് കുഴിവേലിത്തടത്തിൽ - മുത്തോലപുരം

49. ഫാ. ജോസഫ് മണർകാട്ട് - രാമപുരം
50. ഫാ. അഗസ്റ്റിൻ മേച്ചേരിൽ - കുറവിലങ്ങാട്
51. ഫാ ജോസഫ് മൂക്കൻതോട്ടത്തിൽ - അരുവിത്തുറ
52. ഫാ. മൈക്കിൾ നടുവിലേക്കുറ്റ് - തിടനാട്
53. ഫാ. ആന്റണി ഞരളക്കാട്ട് - കളത്തൂർ
54. ഫാ. ജോർജ് ഒഴുകയിൽ - കത്തീഡ്രൽ പാലാ
55. ഫാ. മാത്യു പന്തിരുവേലിൽ - ഭരണങ്ങാനം
56. ഫാ. സെബാസ്റ്റ്യൻ പേണ്ടാനം - ചേർപ്പുങ്കൽ
57. ഫാ. ഐസക് പെരിങ്ങാമലയിൽ - കടനാട്
58. ഫാ. അബ്രാഹം പെരിയപ്പുറത്ത് - ഏന്തയാർ
59. ഫാ. തോമസ് താന്നിമലയിൽ - മൂലമറ്റം
60. ഫാ. ജോർജ് തറപ്പേൽ- അറക്കുളം പുത്തൻപള്ളി
61. ഫാ. ജോർജ് വടയാറ്റുകുഴി - കുറവിലങ്ങാട്
62. ഫാ. സക്കറിയാസ് വാഴേപ്പറമ്പിൽ - മോനിപ്പള്ളി
63. ഫാ. ഡയ്സൺ തരകൻ (എം.സി)- വയലാ
64. ഫാ. അബ്രാഹം കിഴക്കേപ്പറമ്പിൽ (സി.ആർ.എം) - കടുത്തുരുത്തി
65. ഫാ. തോമസ് വരകുകാലാപറമ്പിൽ (എം.സി) - മരങ്ങാട്ടുപള്ളി
66. ഫാ. ജിബിൻ ആനിത്തോട്ടത്തിൽ (എം.എസ്.എഫ്.എസ്.) - ഭരണങ്ങാനം
67. ഫാ. കുര്യാക്കോസ് (ഷിനോ) ഇല്ലിക്കൽ (നോർബർട്ടയിൻ) - പൈക
68. ഫാ. എബിൻ മുത്തോലിൽ (ഓർഡർ ഓഫ് കാർമ്മലിറ്റ്സ്) - പിറവം
69. ഫാ. അരുൺ വല്ല്യാറ (എം.എസ്.എഫ്.എസ്.) - മൂഴൂർ
70. ഫാ. ജെയിംസ് ചൊവ്വേലിക്കുടിലിൽ - പൂവരണി
71. ഫാ. ജോൺ കുറ്റാരപ്പള്ളിൽ - കടപ്ലാമറ്റം
72. ഫാ. ജെയിംസ് പനച്ചിക്കൽ കരോട്ട് - കാഞ്ഞിരമറ്റം
73. ഫാ. ജോസഫ് താന്നിക്കാപ്പാറ - വിളക്കുമാടം
74. ഫാ. മാത്യു അമ്പഴത്തുങ്കൽ - കടുത്തുരുത്തി

## സ്ഥാപനങ്ങളും മറ്റ് നിയമനങ്ങളും

75. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ
- റെക്ടർ, തീർത്ഥാടനകേന്ദ്രം ഭരണങ്ങാനം
76. ഫാ. തോമസ് പാറയ്ക്കൽ - ചാപ്ലെയിൻ, ബിഷപ് വയലിൽ മെഡിക്കൽ സെന്റർ മൂലമറ്റം
77. ഫാ. ജോസഫ് തറപ്പേൽ (സീനിയർ)- ഡയറക്ടർ, അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്
78. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ - സ്പിരിച്വൽ ഡയറക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി കരൂർ
79. ഫാ. ജോസഫ് കുറ്റിയാങ്കൽ - ചാൻസലർ, പാലാ രൂപത
80. ഫാ. ജോർജ് പുല്ലുകാലായിൽ -അസിസ്റ്റന്റ് സെക്രട്ടറി, കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി & ഡയറക്ടർ, കെ.സി.എസ്.എൽ.
81. ഫാ.ബിജു കുന്നയ്ക്കാട്ട് -കോ-ഓർഡിനേറ്റർ സ്വാശ്രയ കോഴ്സ് & ബർസാർ സെന്റ് ജോർജ് കോളേജ്, അരുവിത്തുറ
82. ഫാ. ജയിംസ് പൊരുന്നോലിൽ - ഡയറക്ടർ, അഡാർട്ട്
83. ഫാ. ജോസഫ് നരിതൂക്കിൽ - ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്സ്
84. ഫാ. മാത്യു തെന്നാട്ടിൽ - പ്രൊഫസർ, ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ
85. ഫാ. മാത്യു കുമ്പുളുങ്കൽ
- റസിഡൻസ് ഫിലിപ്സ് ഹോസ്റ്റൽ സെന്റ് തോമസ് കോളേജ് പാലാ
86. ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ
- പാസ്റ്ററൽ അസിസ്റ്റന്റ് പൈക
87. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ - ഡയറക്ടർ, ജീസസ് യൂത്ത് & റസിഡന്റ്സ് ഫിലിപ്സ് ഹോസ്റ്റൽ സെന്റ് തോമസ് കോളേജ് പാലാ
88. ഫാ. ജോൺസൺ പര്യപ്പനാൽ
- പഠനം, പൗരസ്ത്യവിദ്യാപീഠം, വടവാതൂർ
89. ഫാ. ജോൺ നടുത്തടം
- പഠനം, പൗരസ്ത്യവിദ്യാപീഠം, വടവാതൂർ

90. ഫാ. ജോൺ പുറക്കാട്ടുപുത്തൻപുര
- സെക്രട്ടറി, മാർ ജോസഫ് കല്ലറങ്ങാട്ട്

91. ഫാ. മാണി കൊഴുപ്പൻകുറ്റി
- സെക്രട്ടറി, മാർ ജോസഫ് പള്ളിക്കാപറമ്പിൽ

92. ഫാ. തോമസ് പേഴുംകാട്ടിൽ
- ഭാഷാപഠനം, ബിഷപ്സ് ഹൗസ് പാലാ

93. ഫാ. കുരുവിള തുടിയംപ്ലാക്കൽ
- മെഡിക്കൽ ലീവ്, പ്രീസ്റ്റ്ഹോം പാലാ

94. ഫാ. ആന്റണി നടയ്ക്കൽ
- മെഡിക്കൽ ലീവ്, സെന്റ് ആന്റണിസ് ഭവൻ മുട്ടുചിറ

95. ഫാ. ജോസ് അഞ്ചേരിൽ - റിട്ടയേർഡ്, പ്രീസ്റ്റ് ഹോം പാലാ

96. ഫാ. അബ്രാഹം ഏരിമറ്റത്തിൽ
- റിട്ടയേർഡ്, പ്രീസ്റ്റ് ഹോം പാലാ

97. ഫാ. അഗസ്റ്റിൻ തെരുവത്ത്
- റിട്ടയേർഡ്, പ്രീസ്റ്റ് ഹോം പാലാ

98. ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ
- റിട്ടയേർഡ്, പ്രീസ്റ്റ് ഹോം മുട്ടുചിറ

99. ഫാ. സഖറിയാസ് മണിയങ്ങാട്ട്
- റിട്ടയേർഡ്, പ്രീസ്റ്റ് ഹോം പാലാ

100. ഫാ. ജോർജ് പള്ളിപ്പറമ്പിൽ
- റിട്ടയേർഡ്, പ്രീസ്റ്റ് ഹോം മുട്ടുചിറ

101. ഫാ. ഫ്രാൻസിസ് വടാശ്ശേരിൽ (സി.ആർ.എം)
- റിലീവിഡ്, അസ്തേന്തി വികാരി കടനാട്

# മൈനർ സെമിനാരിയിൽനിന്ന്

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ,

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽനിന്ന് സ്നേഹാന്വേഷണങ്ങൾ. കുറെ വർഷങ്ങളായി നമ്മുടെ സെമിനാരിയിൽ ചേരുവാൻ വരുന്നവരുടെ എണ്ണം വളരെയേറെ കുറഞ്ഞുവരുന്നു. അതുകൊണ്ട് നമ്മളെല്ലാവരും ഇക്കാര്യത്തിൽ കൂടുതൽ താത്പര്യവും ശ്രദ്ധയും നല്കേണ്ടതായിട്ടുണ്ട്. നമ്മുടെ രൂപതയിൽ അജപാലനശുശ്രൂഷ നടത്തുവാൻ താത്പര്യവും യോഗ്യതയും ഉള്ളവരെ ബഹുമാനപ്പെട്ട അച്ചന്മാർ കണ്ടെത്തി സെമിനാരിയിലേക്ക് പറഞ്ഞുവിടുവാൻ പരിശ്രമിക്കണമേ. സ്കൂളുകളിലെ വാർഷികപ്പരീക്ഷയ്ക്കുശേഷം ഏപ്രിൽ മാസത്തിൽ കുട്ടികൾക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നതാണ്. കൃത്യമായ തീയതി എത്രയുംവേഗം അറിയിക്കാം. ഇപ്പോൾത്തന്നെ കുട്ടികളെ കണ്ടെത്തി ക്യാമ്പിനു പറഞ്ഞുവിടുവാനായി ഒരുക്കണമേ. അൾത്താരബാലന്മാരുടെയും ക്യാമ്പുകളും ക്രമീകരിക്കുന്നതാണ്. എല്ലാ സഹകരണങ്ങൾക്കും സ്നേഹപൂർവം നന്ദിപറയുന്നു.

സ്നേഹാദരവുകളോടെ,

**ഫാ. ജേക്കബ് വടക്കേൽ**

റെക്ടർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

## മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും ഉള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 918852970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ ഡയബറ്റിക് ഫുട്ട് ക്യാമ്പ്

മാർ സ്ലീവാ മെഡിസിറ്റിയിലെ ഡയബറ്റിക് ഫുട്ട് ക്ലിനിക്കിന്റെ നേതൃത്വത്തിൽ സൗജന്യ ഡയബറ്റിക് ഫുട്ട് പരിശോധനക്യാമ്പ് സംഘടിപ്പിച്ചു. ഡിസംബർ 16 ന് സംഘടിപ്പിച്ച ക്യാമ്പിൽ എൻഡോക്രൈനോളജി വിഭാഗം ഡോക്ടർമാരും പ്ലാസ്റ്റിക് സർജറി വിഭാഗം ഡോക്ടർമാരും രോഗികളെ പരിശോധിച്ചു.

## മുത്തുവിനു സൗജന്യചികിത്സ വാഗ്ദാനം ചെയ്ത് മാർ സ്ലീവാ മെഡിസിറ്റി പാലാ

പല്ലിന്റെ തകരാർമൂലം സർക്കാർജോലി നഷ്ടപ്പെട്ട അട്ടപ്പാടി ആനവായ് ഊരിലെ മുത്തുവിന് പാലാ മാർ സ്ലീവാ മെഡിസിറ്റി അധികൃതർ സൗജന്യചികിത്സ വാഗ്ദാനം ചെയ്തു. സാമൂഹിക പ്രവർത്തകരും വനംവകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടതിനെത്തുടർന്നാണ് മുത്തുവിന് വേണ്ട സൗജന്യചികിത്സയും മറ്റു സഹായങ്ങളും ആശുപത്രി അധികൃതർ വാഗ്ദാനം ചെയ്തത്.

**കുമളിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് ഒരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

കുമളി സെന്റ് അഗസ്റ്റിൻ ആശുപത്രിയും മാർ സ്ലീവാ മെഡിസിറ്റി പാലായുമായി സഹകരിച്ച് ജനുവരി 8 കുമളി സെന്റ് അഗസ്റ്റിൻ ആശുപത്രിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, പൾമനോളജി എന്നീ വിഭാഗങ്ങളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ രോഗികളെ പരിശോധിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ കുമളി സെന്റ് അഗസ്റ്റിൻ ആശുപത്രിയിൽ മെഡിക്കൽ ക്യാമ്പും ഒ.പി. സേവനങ്ങളും ഒരുക്കി**

കുമളി സെന്റ് അഗസ്റ്റിൻ ആശുപത്രിയിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ ജനുവരി 8 ന് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, പൾമനോളജി എന്നീ വിഭാഗങ്ങളിൽ മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ രോഗികളെ പരിശോധിച്ചു. തുടർന്ന്, സെന്റ് അഗസ്റ്റിൻ ആശുപത്രിയിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, പൾമനോളജി എന്നീ ഒ.പി. വിഭാഗങ്ങളുടെ ഉദ്ഘാടനം നടത്തി. എല്ലാമാസവും മൂന്നാം ശനിയാഴ്ച കാർഡിയോളജി, ന്യൂറോളജി വിഭാഗവും, ആദ്യശനിയാഴ്ച പൾമനോളജി വിഭാഗവും എന്ന ക്രമത്തിൽ ഉച്ചയ്ക്ക് 12 മണിമുതൽ വൈകിട്ട് 4 മണിവരെയാണ് ഡോക്ടർമാരുടെ സേവനം ലഭിക്കുക.

**അസിസ്റ്റഡ് ലിവിങ് സൗകര്യം ഒരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ ബുദ്ധിമുട്ടുന്ന പ്രായമായവർക്ക് സഹായമൊരുക്കുന്ന പദ്ധതിയാണ് അസിസ്റ്റഡ് ലിവിങ് എന്ന പേരിൽ മാർ സ്ലീവാ മെഡിസിറ്റി ഒരുക്കിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഡിസ്ചാർജിനുശേഷം തുടർപരിചരണം ആശുപത്രിയിൽ വേണ്ടവർക്ക് അത് ലഭ്യമാണ്. അതുപോലെതന്നെ വീട്ടിൽനിന്നു മാറി പരിചരണം വേണ്ടവർക്കും ഈ സേവനം

പ്രയോജനപ്പെടുത്താം. ഈ സൗകര്യം ലഭ്യമാക്കാൻ 9188525945 എന്ന നമ്പറിൽ ബന്ധപ്പെടുക.

## NEW DOCTORS (JANUARY)

1) ഡോ. ഇന്ദു റ്റി ആർ - ഒഫ്താൽമോളജിസ്റ്റ്

2) ഡോ. ജൂബിൽ ജോസ് കുര്യൻ - സീനിയർ കൺസൾട്ടന്റ്, ഇന്റേണൽ മെഡിസിൻ

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് പൗവ്വത്തിൽ
(ചങ്ങനാശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്താ)
മോസ്റ്റ് റവ. ഡോ. ജോസഫ് അഗസ്റ്റിൻ ചരണംകുന്നേൽ
(റെയ്പൂർ രൂപത മുൻ ആർച്ചുബിഷപ്)
മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപതാമെത്രാൻ)
മാർ തോമസ് പാടിയത്ത് (ഷംഷാബാദ് രൂപത സഹായമെത്രാൻ)
മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (കൂരിയ മെത്രാൻ)
മാർ ജേക്കബ് അങ്ങാടിയാത്ത് (ചിക്കാഗോ രൂപത മുൻ മെത്രാൻ)

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി 2023 ജനുവരി 1 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അനുരഞ്ജനകൂദാശയും പരിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SDV ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ 2023 ജനുവരി 28 ശനിയാഴ്ച വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ രാത്രിയാരാധനയ്ക്ക് ബ്രദർ രാജൻ കാഞ്ചിയാർ നേതൃത്വം നൽകി.

**വടവാതൂർ സെമിനാരിയിൽനിന്നുള്ള കബറിടസന്ദർശനം**

കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലികസെമിനാരിയിൽനിന്ന് ഈ വർഷം തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കുന്ന 60 ശെമ്മാശ്ശന്മാർ 2023 ജനുവരി 22 ഞായറാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ പദയാത്രയായി എത്തിച്ചേരുകയും സെമിനാരി അധ്യാപകരായ ഫാ. ലിന്റോ കുറ്റിക്കാടൻ, ഫാ. ജോൺസൺ നീലനിരപ്പേൽ എന്നിവരുടെ കാർമ്മികത്വത്തിൽ കബറിടദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു.

**നവവൈദികർക്കു സ്വീകരണം**

പാലാ രൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച 16 നവവൈദികർ 2023 ജനുവരി 28 ശനിയാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്ന് വൈകുന്നേരം 5 മണിക്കുള്ള വി. കുർബാനയർപ്പിക്കുകയും അതേത്തുടർന്നുള്ള മദ്ധ്യസ്ഥപ്രാർത്ഥന, ലദീഞ്ഞ്, ജപമാല - മെഴുകുതിരിപ്രദക്ഷിണം എന്നീ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2022-2023**

2022 - 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ജനുവരി മാസത്തിലെ ക്ലാസ്സ് 14-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. Liturgy എന്ന വിഷയത്തെ അധികരിച്ച് ഡോ. ജോസ് കുറ്റിയാങ്കൽ ക്ലാസ്സ് നയിച്ചു.

ഫെബ്രുവരിമാസത്തിലെ ക്ലാസ്സുകൾ

| | | |
|---|---|---|
| ഫെബ്രുവരി 11 ശനി | Patrology | ഡോ. ജോൺ കണ്ണന്താനം |
| ഫെബ്രുവരി 18 ശനി | Patrology | ഡോ. ജോൺ കണ്ണന്താനം |

**2. വിശ്വാസപരിശീലന രൂപതാവാർഷികം**

വിശ്വാസപരിശീലന രൂപതാവാർഷികം 2023 ജനുവരി 26-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ അഭിവന്ദ്യ പിതാവ് സമ്മേളനത്തിൽവച്ച് ആദരിക്കുകയും ഈ വർഷം നടത്തപ്പെട്ട വിവിധ കലാസാഹിത്യമത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**3. സീറോ മലബാർ മതബോധന ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മതബോധന ഡയറക്ടേഴ്സ് മീറ്റിങ് 2023 ജനുവരി 18-ാം തീയതി ബുധനാഴ്ച ഓൺലൈനായി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. പ്രഥമാധ്യാപകസമ്മേളനം**

2022 - 2023 വിശ്വാസപരിശീലനവർഷത്തിലെ 2-ാമത് പ്രഥമാധ്യാപക സമ്മേളനം 2023 ജനുവരി 26-ാം തീയതി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ആരംഭിച്ച സമ്മേളനം ഉച്ചയ്ക്ക് 12.45 ന് സമാപിച്ചു. റവ. ഡോ. മാത്യു അമ്പഴത്തുങ്കൽ ഓറിയന്റേഷൻ ക്ലാസ്സ് നൽകി.

**5. Question board meeting**

2022-2023 അധ്യയനവർഷത്തിലെ വിശ്വാസപരിശീലനവാർഷികപ്പരീക്ഷയുടെ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള Question board meeting 2023 ജനുവരി 21-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ അധ്യാപകർക്കു നിർദ്ദേശങ്ങൾ നൽകി.

**6. X, XI, XII ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ**

X, XI, XII ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ നേരത്തെ അറിയിച്ചതിൽനിന്നു വ്യത്യസ്തമായി **2023 ഫെബ്രുവരി 19 ഞായറാഴ്ച** നടത്തപ്പെടുന്നതാണ്. പരീക്ഷാസമയം : 11 am - 1 pm. പരീക്ഷയ്ക്കുള്ള **ചോദ്യക്കടലാസ്സുകൾ 2023 ഫെബ്രുവരി 18 ശനിയാഴ്ച** രാവിലെ 9.30 മുതൽ വൈകിട്ട് 4.45 വരെയുള്ള സമയത്തു വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നു വാങ്ങാവുന്നതാണ്.

X, XII ക്ലാസുകളിലെ പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ കഴിഞ്ഞ വർഷത്തേതുപോലെ ഓൺലൈനായി നടത്തേണ്ടതാണ്. രജിസ്ട്രേഷനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വൈകാതെ നൽകുന്നതാണ്. തുടർന്നു വരുന്ന ഞായറാഴ്ചകളിൽ ഈ മൂന്നു ക്ലാസ്സുകളിലെയും കുട്ടികൾക്ക് പ്രൊഫ. ജെയിംസ് പുലിയുറുമ്പിൽ രചിച്ച "തോമാശ്ലീഹായുടെ രക്തസാക്ഷിത്വവും മൈലാപ്പൂർ തീർത്ഥാടനവും: ചരിത്രസാക്ഷ്യങ്ങൾ" എന്ന പുസ്തകത്തെ അധികരിച്ച് ക്ലാസ്സുകൾ എടുക്കേണ്ടതാണ്. പ്രസ്തുത പുസ്തകം വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ലഭ്യമാണ്. പുസ്തകം വിശ്വാസപരിശീലകർ മാത്രം വാങ്ങിയാൽ മതിയാകും.

**7. I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ 2023 മാർച്ച് 26 ഞായറാഴ്ച നടത്തുന്നതാണ്.

സമയം : **Std I - VI : 11.00 am - 1.00 pm**

**Std VII - IX : 02.00 pm - 04.00 pm**

**8. മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ്**

പാലാ രൂപതയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന വിശ്വാസപരിശീലകന് വർഷംതോറും നൽകി വരുന്ന അവാർഡാണ് പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ മാതൃകാ

വിശ്വാസപരിശീലക അവാർഡ്. ഈ വർഷം ഈ അവാർഡിനർഹനായിരിക്കുന്നത് അന്തീനാട് ഇടവകാംഗമായ ശ്രീ ജോസഫ് കെ.കെ. കാരിമലയിലാണ്. കഴിഞ്ഞ 33 വർഷമായി അദ്ദേഹം വിശ്വാസപരിശീലനരംഗത്ത് വളരെ സജീവമായി പ്രവർത്തിച്ചുവരികയാണ്. ഇതിൽ 12 വർഷം സൺഡേസ്കൂൾ പ്രഥമാധ്യാപക നായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. സംസ്ഥാന വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗസ്ഥനായ (AEO) ജോസഫ് സാർ തന്റെ ഔദ്യോഗികജീവിതത്തിന്റെ തിര ക്കുകൾക്കിടയിലും വിശ്വാസപരിശീലനകാര്യങ്ങൾക്ക് ഒരു ഭംഗവും വരുത്തി യിട്ടില്ല. ഇടവകയിലെ എല്ലാ കാര്യങ്ങൾക്കും തന്റെ പൂർണ്ണ സഹകരണം നൽ കുന്ന സാർ ഇപ്പോൾ ഇടവകയുടെ പാരിഷ് കൗൺസിൽ സെക്രട്ടറിയായും പ്രവർ ത്തിക്കുന്നുണ്ട്. നല്ല വിശ്വാസജീവിതത്തിന്റെ ഉടമയായ അദ്ദേഹം ഒരു ഉത്തമ കുടുംബനാഥനാണ്. 2023 ജനുവരി 26 നു നടന്ന വിശ്വാസപരിശീലനവാർഷിക സമ്മേളനത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ജോസഫ് സാറിന് അവാർഡ് സാറിനും കുടുംബത്തിനും പ്രത്യേകം അഭിനന്ദന ങ്ങൾ.

**9. മികച്ച സൺഡേസ്കൂളുകൾ**

രൂപതയിലെ ഈ വർഷത്തെ മികച്ച സൺഡേസ്കൂളുകളായി A, B, C വിഭാഗ ങ്ങളിൽ താഴെപ്പറയുന്ന സൺഡേസ്കൂളുകൾ തിരഞ്ഞെടുക്കപ്പെട്ടു.

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| Ist മാവടി | Ist കോതനല്ലൂർ | Ist തീക്കോയി |
| IInd മറ്റത്തിപ്പാറ | IInd മൂലമറ്റം | IInd രാമപുരം |

2023 ജനുവരി 26 -ന് നടന്ന വിശ്വാസപരിശീലനവാർഷികസമ്മേ ളനത്തിൽവച്ച് മികച്ച സൺഡേസ്കൂളുകൾക്കുള്ള ട്രോഫികളും സമ്മാന ങ്ങളും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്തു. ഈ സൺഡേസ്കൂളുകളിലെ ബഹുമാനപ്പെട്ട വൈദികർക്കും പ്രഥമാധ്യാപകർക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**2023 ജനുവരി മാസത്തിലെ ഗുജറാത്ത് സെന്റ് തോമസ് സബർമതി മിഷനിലെ പ്രവർത്തനങ്ങൾ**

1. സബർമതി സെന്റ് സെബാസ്റ്റ്യൻ കുർബാന സെന്ററിൽ ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ 2023 ജനുവരി 15, 20, 21, 22 ഭക്ത്യാദര പൂർവം ആചരിച്ചു. പ്രധാന തിരുനാൾ ദിവസമായ ജനുവരി 22 ഞായറാഴ്ച അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് പരി. കുർബാനയർപ്പിച്ചു പ്രാർ ത്ഥിച്ചു. മതാദ്ധ്യാപകർക്കും കുട്ടികൾക്കും ബൈബിൾ കലോത്സവവിജയികൾക്കും

അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. തിരുനാൾ ആഘോഷങ്ങൾക്ക് വികാരി ഫാ. പോൾ പാറപ്ലാക്കൽ നേതൃത്വം നൽകി.

2. വഡോദരയിലെ പ്രശസ്ത മരിയൻ തീർത്ഥാടനകേന്ദ്രമായ ഷ്രൈൻ ദൈവാലയത്തിൽ പ്രധാന തിരുനാൾ ദിവസമായ ജനുവരി 26 – ന് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ജനുവരിമാസത്തെ എക്സിക്യൂട്ടീവ് യോഗം ജനുവരി 8 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത വൈസ് ഡയറക്ടർ സി. മോനിക്ക എസ്.എച്ച്. സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ജനുവരിമാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശേരി സംസ്ഥാനസമിതിയംഗം ജെയിംസ് തോമസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**വാർഷികയോഗം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ 2022-2023 പ്രവർത്തനവർഷത്തെ വാർഷികയോഗം 2023 ജനുവരി 26 നു പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടന്നു. പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപത സെക്രട്ടറി അഗസ്റ്റിൻ തോമസ് കടൂക്കുന്നേൽ 2022-2023 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. രൂപത കലോത്സവത്തിലെ വിജയികൾക്കുള്ള സമ്മാനങ്ങളും, മികച്ച മേഖല, ശാഖ, പോസ്റ്റർ, രചന, കൈയെഴുത്തുമാസികമത്സരം എന്നിവയ്ക്കുള്ള സമ്മാനങ്ങളും രൂപതഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വിതരണം ചെയ്തു.

**കുഞ്ഞുമിഷനറി ക്വിസ് 2023**

ചെറുപുഷ്പ മിഷൻലീഗിന്റെ സുവർണ്ണജൂബിലിസ്മാരകമായി പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 26 -ാമത് അഖില കേരള കുഞ്ഞുമിഷനറി ക്വിസ് മത്സരം 2023 ജനുവരി 08, 15 തീയതികളിലായി നടത്തപ്പെട്ടു. ജനുവരി 8 ഞായറാഴ്ച ഓൺലൈനായി നടത്തപ്പെട്ട ആദ്യഘട്ടമത്സരത്തിൽ വിവിധ ശാഖകളിൽനിന്നായി 1996 കുട്ടികൾ പങ്കെടുത്തു. പ്രാഥമിക

ഘട്ടമത്സരത്തിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ ആദ്യ അഞ്ചു സ്ഥാനങ്ങൾ ലഭിച്ച കുട്ടികൾക്ക് ജനുവരി 15 ഞായറാഴ്ച ഉച്ചകഴിഞ്ഞു 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്ന രണ്ടാംഘട്ട മത്സരത്തിൽ പങ്കെടുത്തു.

വിജയികൾ

1) മാത്യൂ സാബു കാഞ്ഞിരത്തിങ്കൽ (കുറവിലങ്ങാട്)
2) മെറീനമോൾ സോജൻ കുഴിത്തോട്ട് (തീക്കോയി)
3) ജോസ്മിയ പി. വി. പുത്തേട്ട് (തീക്കോയി)
4) അന്ന മരിയ അഗസ്റ്റിൻ ഏരിമറ്റത്തിൽ (രാമപുരം)

*ക്ലാസ്തല വിജയികൾ*

5) അഗസ്റ്റിൻ ബിനോയ് മുളന്തറവയലിൽ (രാമപുരം)
6) സിംന തെരേസ ബിജു കോഴിക്കോട്ട് (കാവുംകണ്ടം)
7) അൽഫോൻസിയൻ ജോർജ് കളപ്പുര (തോടനാൽ)
8) ജോസ്ന ജെയിംസ് പുല്ലാട്ട് (ഭരണങ്ങാനം)
9) എമിൽ ജോഷി കണ്ടത്തിൽ (തീക്കോയി)
10) എയ്ഞ്ചൽ റോസ് അലക്സ് വെള്ളിയാംതടത്തിൽ (തീക്കോയി )
11) ടോം ചാൾസ് തകടി (അരുവിത്തുറ)
12) ലീനു കെ. ജോസ് കാരുവേലിൽ (പ്ലാശനാൽ)

**പോസ്റ്റർരചന, കൈയെഴുത്തുമാസികമത്സരം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചന, കൈയെഴുത്തുമാസികമത്സരം നടത്തപ്പെട്ടു. എല്ലാ മേഖലകളിലെയും വിജയികൾ രൂപതതലമത്സരത്തിൽ പങ്കെടുത്തു.

*പോസ്റ്റർ രചന വിജയികൾ*

A വിഭാഗം

1) ഗാഗുൽത്ത
2) കയ്യൂർ
3) ഉരുളികുന്നം

B വിഭാഗം

1) പ്ലാശനാൽ
2) മുത്തോലി
3) തുടങ്ങനാട്

C വിഭാഗം

1) പാലാ കത്തീഡ്രൽ
2) രാമപുരം
3) ഭരണങ്ങാനം

*കൈയെഴുത്തുമാസികാമത്സരം - വിജയികൾ*

A വിഭാഗം

1) ഗാഗുൽത്ത
2) മാവടി
3) കയ്യൂർ

B വിഭാഗം

1) പ്ലാശനാൽ
2) ഉാലം ഓൾഡ്
3) അറുന്നൂറ്റിമംഗലം

C വിഭാഗം

1) രാമപുരം
2) തീക്കോയി
3) കുറവിലങ്ങാട്

**സെക്രട്ടറിയേറ്റ് യോഗങ്ങൾ**

സംഘടനയുടെ ജനുവരി മാസത്തിലെ സെക്രട്ടറിയേറ്റ് യോഗങ്ങൾ ജനുവരി 7, 25 തീയതികളിൽ നടന്നു.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ജനുവരി മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 8 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ജനുവരി 8 ഞായറാഴ്ച നടന്നു. മേഖല കൈയെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 31 ശനിയാഴ്ച നടത്തപ്പെട്ടു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 8 ഞായറാഴ്ച നടന്നു. മേഖല കൈയെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 31 ശനിയാഴ്ച നടത്തപ്പെട്ടു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 7 ശനിയാഴ്ച നടന്നു. മേഖല കൈയെഴുത്തുമാസിക, പോസ്റ്റർരചനാമത്സരങ്ങൾ ഡിസംബർ 31 ശനിയാഴ്ച നടത്തപ്പെട്ടു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 1 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു. മേഖല കൈയെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 31 ശനിയാഴ്ച നടത്തപ്പെട്ടു.

**ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 8 ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു. മേഖല കൈയെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 31 ശനിയാഴ്ച നടത്തപ്പെട്ടു.

**ഇലഞ്ഞി മേഖല**

**എക്സിക്യൂട്ടീവ്**

ഇലഞ്ഞി മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജനുവരി 8 ഞായറാഴ്ച നടന്നു. മേഖല കൈയെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ ഡിസംബർ 31 ശനിയാഴ്ച നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജനുവരി 9 തിങ്കളാഴ്ച രാത്രി 8.30 മുതൽ 9.30 വരെ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ ജനുവരി 14 ശനിയാഴ്ച തിരുവനന്തപുരത്ത് വച്ചുനടക്കുന്ന സ്റ്റേറ്റ് കലോത്സവത്തെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരുംതന്നെ മീറ്റിംഗിൽ പങ്കെടുത്തു.

**ധ്യാനം നടത്തി**

ജനുവരി 6, 7 തീയതികളിലായി മണലുങ്കൽ സെന്റ് അലോഷ്യസ് സ്കൂളിലെ കുട്ടികൾക്കായി കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനു പ്രവിത്താനം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

ജനുവരി 9 ന് കടനാട് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ച് കുട്ടികൾക്കായി ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ഡിറ്റോ തോട്ടത്തിൽ (അസി. വികാർ, സെന്റ് ജോർജ് ഫെറോനാ ചർച്ച്, അരുവിത്തുറ), ഡോൺ സിബി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം**

2022 – 23 വർഷത്തെ കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ വച്ച് ജനുവരി 13, 14 തീയതികളിലായി നടന്നു. പാലാ രൂപതയിൽനിന്ന് 80 കുട്ടികൾ വിവിധയിനം മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കി.

എച്ച്.എസ്.എസ്

പ്രസംഗം മലയാളം – ജോസീന ക്രിസ്‌ലിൻ ബാബു,
സെന്റ് ആന്റണീസ് എച്ച്.എസ്.എസ്., പ്ലാശനാൽ

കഥാപ്രസംഗം – ഫസ്റ്റ് – ആൻമരിയ സിബി,
സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്., രാമപുരം

ഭക്തിഗാനം – സെക്കന്റ്– റെയോണ ബോബി,
സെന്റ് മേരീസ് എച്ച്.എസ്.എസ്., കുറവിലങ്ങാട്

**എച്ച്.എസ്.**

പരിചമുട്ട് – ഫസ്റ്റ് – ചെമ്മലമറ്റം എൽ. എഫ്.എച്ച്.എസ്

ചവിട്ടുനാടകം – സെക്കന്റ് – ചെമ്മലമറ്റം എൽ.എഫ്.എച്ച്.എസ്

മാർഗ്ഗംകളി – ഫസ്റ്റ് – ഭരണങ്ങാനം എസ്. എച്ച്.ജി. എച്ച്.എസ്

ഭക്തിഗാനം – സെക്കന്റ് – ജെർമി ജിനു,
എസ്.എച്ച്.ഇ.എം.എച്ച്.എസ്.എസ്, മൂലമറ്റം

പുത്തൻപാന – സെക്കന്റ്– ജെർമി ജിനു,
എസ്.എച്ച്.ഇ.എം.എച്ച്.എസ്.എസ്, മൂലമറ്റം

**യു. പി**

മോണോ ആക്ട് – സെക്കന്റ്–ജുവൽ എലിസബത്ത് അലൻ,
സെന്റ് മേരീസ് എച്ച്.എസ്.എസ്, തീക്കോയി

കെ.സി.എസ്.എൽ. ആന്തം – തേർഡ്– സീവ്യൂ, പറത്താനം

മാർഗ്ഗംകളി – ഫസ്റ്റ് – ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസ്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**SMYM - KCYM പാലാ രൂപതയുടെ 2022 പ്രവർത്തനവർഷ വാർഷികവും 2023 രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പും, മുൻ ജോയിന്റ് ഡയറക്ടറിന് യാത്രയയപ്പും**

## ഗ്ലോറിയ 2K22

SMYM - KCYM പാലാ രൂപതയുടെ 2022 പ്രവർത്തനവർഷവാർഷികവും 2023 രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പും ജനുവരി 2 -ന് പാലാ അൽഫോൻസാ കോളേജിൽവച്ചു നടത്തപ്പെട്ടു. പ്രസിഡന്റ് ജോസഫ് കിണറ്റുകര അധ്യക്ഷത വഹിച്ച യോഗത്തിൽ പാലാ രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സമ്മേളനത്തിൽ മൂന്നു വർഷത്തെ സേവനത്തിനുശേഷം പടിയിറങ്ങുന്ന ജോയിന്റ് ഡയറക്ടർ സിസ്റ്റർ ജോസ്മിത SMS ന് യാത്രയയപ്പും നൽകി. മികച്ച യൂണിറ്റുകൾക്കും ഫൊറോനകൾക്കുമുള്ള സമ്മാനദാനവും നടത്തപ്പെട്ടു. മികച്ച യുവജനപ്രവർത്തകനുള്ള ഡാനിയൽ അവാർഡിന് അരുവിത്തുറ യൂണിറ്റ് അംഗം ഡോൺ ജോസഫും മികച്ച യുവജന പ്രവർത്തികയ്ക്കുള്ള എസ്തേർ അവാർഡിന് രാമപുരം യൂണിറ്റ് അംഗം റ്റിയ റ്റെസ് ജോർജും അർഹരായി. ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പായുടെ നിര്യാണത്തിൽ രൂപതാസമിതി അനുശോചനം രേഖപ്പെടുത്തുകയും എല്ലാ യുവജനങ്ങളും പ്രാർത്ഥിക്കുകയും ചെയ്തു.

### 2023 രൂപത ഇലക്ഷൻ

SMYM - KCYM പാലാ രൂപതയുടെ 2023 രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജനുവരി 2-ന് പാലാ അൽഫോൻസാ കോളേജിൽവച്ചു നടത്തപ്പെട്ടു. എസ്.എം.വൈ.എം. പാലാ രൂപത ഭാരവാഹികളായി തോമസ് ബാബു കാട്ടാമ്പാക്ക് (പ്രസിഡന്റ്), ടോണി കവിയിൽ ഉള്ളനാട് (ജനറൽ സെക്രട്ടറി), സെഞ്ചു ജേക്കബ് അരുവിത്തുറ (വൈസ് പ്രസിഡന്റ്), ഡോൺ ജോസഫ് അരുവിത്തുറ (ഡെപ്യൂട്ടി പ്രസിഡന്റ്), ആൽഫി ഫ്രാൻസീസ് ചേർപ്പുങ്കൽ (സെക്രട്ടറി), മെർളിൻ സാബു കോതനല്ലൂർ (ജോയിന്റ് സെക്രട്ടറി), എബി നൈജിൽ നെല്ലിയാനി (ട്രഷറർ), റിയാ തെരേസ് ജോർജ് വെള്ളികുളം, ജിയോ റോയ് (കടനാട്) (കൗൺസിലേഴ്സ്), അഡ്വ. സാം സണ്ണി, ഗ്രീഷ്മ ജോയൽ (റീജിയണൽ കൗൺസിലേഴ്സ്) എന്നിവരെ തിരഞ്ഞെടുത്തു.

സിൻഡിക്കേറ്റ് കൗൺസിലേഴ്സ് – മഞ്ജു തങ്കച്ചൻ (ഭരണങ്ങാനം), ജിസ്സ് പോൾ (ഇലഞ്ഞി), സാൻജോ മൈലംവേലി (കടുത്തുരുത്തി), സച്ചിൻ ഷാജി (കുറവിലങ്ങാട്), ഡാനി ജോസ് (മൂലമറ്റം), ജിജോമോൻ (മുട്ടുചിറ), നീതു

ടോമി (പൂഞ്ഞാർ), മാർട്ടിൻ വി രാജു (പ്രവിത്താനം), അഭിജിത്ത് സാബു (രാമപുരം), സോബിൻ അഗസ്റ്റിൻ (തീക്കോയി), ബ്ലസ്സി ബോബി (തുടങ്ങനാട്), എബിൻ അലോഷ്യസ് (കൂട്ടിക്കൽ ). തിരഞ്ഞെടുപ്പിൽ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, അഡ്വ. സാം സണ്ണി ഓടയ്ക്കൽ എന്നിവർ മുഖ്യവരണാധികാരികളായിരുന്നു.

SMYM - KCYM യുവജനങ്ങൾ വെള്ളവസ്ത്രം ധരിച്ച്, തിരികളേന്തി, ആചാരക്കുളി നടത്തി; നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിന്റെ പ്രൗഢിയിൽ രാക്കുളിത്തിരുന്നാൾ കൊണ്ടാടി.

ഈശോമിശിഹായുടെ ദനഹാത്തിരുന്നാളിനോടനുബന്ധിച്ച് ജനുവരി 5 വ്യാഴാഴ്ച പാലാ വലിയ പള്ളിയിൽ രാക്കുളിത്തിരുന്നാൾ ആചരിച്ചു. SMYM-KCYM സംഘടനയുടെ ആഭിമുഖ്യത്തിൽ നിരവധി യുവജനങ്ങൾ പ്രാർത്ഥനാ പൂർവം പാലാ ഭദ്രാസനപ്പള്ളിക്കു മുൻപിലുള്ള രാക്കുളിക്കടവിൽ ആചാര ക്കുളി നടത്തി. യുവജനപ്രസ്ഥാനത്തിന്റെ പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, ഡെപ്യൂട്ടി പ്രസിഡന്റ് ഡോൺ സോണി, ട്രഷറർ എബി, എസ്.എം.വൈ.എം. റീജിയണൽ കൗൺസിലർ സാം സണ്ണി, ഫാദർ മാണി കൊഴുപ്പൻകുറ്റി എന്നിവർ നേതൃത്വം നൽകി.

### Khelosav കെസിവൈഎം സംസ്ഥാനസമിതി സ്പോർട്സ് മീറ്റ്

ജനുവരി 8 ന് ഇരിഞ്ഞാലക്കുടയിൽ വച്ചു നടന്ന കെസിവൈഎം സംസ്ഥാനസമിതിയുടെ സ്പോർട്സ് മീറ്റിൽ പാലാ രൂപതയിൽനിന്ന് യുവജനങ്ങൾ പങ്കെടുത്തു. 3000 മീറ്റർ ഓട്ടമത്സരത്തിൽ ഗാഗുൽത്ത യൂണിറ്റിലെ അഭിലാഷ് മാത്യു മൂന്നാം സ്ഥാനവും ജാവലിൻ ത്രോ മത്സരത്തിൽ ഗാഗുൽത്ത യൂണിറ്റിലെ ഫിലിസൺ സാബു മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

### സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് – ജനുവരി 14

SMYM - KCYM പാലാ രൂപത ജൂബിലിവർഷസമിതിയുടെ ആദ്യ എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപതാ പ്രസിഡന്റ് തോമസ് ബാബുവിന്റെ അദ്ധ്യക്ഷതയിൽ ശാലോമിൽ വച്ച് നടന്നു.

### ലഹരിവിരുദ്ധ സന്ദേശയാത്രയ്ക്കു സ്വീകരണം നൽകി എസ്.എം.വൈ. എം. പാലാ രൂപത

കെസിവൈഎം-സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ 32 രൂപതകളിലൂടെയും കടന്നുപോകുന്ന ലഹരിവിരുദ്ധസന്ദേശയാത്രയ്ക്ക് പാലാ രൂപതാസമിതി സ്വീകരണം നൽകി. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിജോ ഇടയാടിയിലാണ് യാത്ര നയിച്ചത്. പാലാ കൊട്ടാരമറ്റത്തുവച്ച് പാലാ രൂപത ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, മറ്റു രൂപതാ

ഭാരവാഹികൾ എന്നിവർ ചേർന്ന് യാത്രയെ സ്വീകരിച്ചു. ലഹരി ഉപേക്ഷിക്കണമെന്നും ലഹരിവിരുദ്ധത പ്രോത്സാഹിപ്പിക്കാൻ യുവജനങ്ങൾ ഒന്നിച്ചു നിൽക്കണമെന്നും സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു അഭിപ്രായപ്പെട്ടു. തുടർന്ന് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സംസ്ഥാനസമിതി ഡയറക്ടർ ഫാദർ സ്റ്റീഫൻ ചാലക്കരയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും കേരള യൂത്ത് കോൺഫറൻസ്(KYC)ലേക്കു ക്ഷണിക്കുകയും ചെയ്തു. ഡെപ്യൂട്ടി പ്രസിഡന്റ് ഡോൺ ജോസഫ് സോണി, സെക്രട്ടറി ആൽഫി ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി മെർലിൻ സാബു, ട്രഷറർ എബി നൈജിൽ, കൗൺസിലർമാരായ ജിയോ റോയ്, റിയ തെരേസ ജോർജ്, സിൻഡിക്കേറ്റ് കൗൺസിലർ നീതു ടോമി എന്നിവർ ലഹരി വിരുദ്ധ റാലിയിൽ സന്നിഹിതരായിരുന്നു.

**ജോയിന്റ് ഡയറക്ടറിനു സ്വീകരണം**

പുതിയ ജോ. ഡയറക്ടർ സിസ്റ്റർ നവീന സി.എം.സി. രൂപത ഓഫീസിൽ എത്തി സ്ഥാനം ഏറ്റെടുത്തു.

**എസ് എം വൈ എം ഫൊറോനാ ഡയറക്ടേഴ്സ് മീറ്റിംഗ് – ജനുവരി 19**

എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപതാസമിതി ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ് ശാലോമിൽ വച്ച് നടത്തി.

2023 സമിതി പ്രതിനിധികൾ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചു. 2023 പ്രവർത്തനവർഷത്തെ രൂപതാപ്രതിനിധികൾ അഭിവന്ദ്യ മാർച്ച് ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ച് ആശിർവാദം സ്വീകരിച്ചു.

**2023 പാലാ രൂപതാസമിതി പ്രതിനിധികൾ വലിയ പിതാവിനൊപ്പം**

2023 വർഷത്തെ എസ്.എം.വൈ.എം. പാലാ രൂപതാപ്രതിനിധികൾ സംഘടനയുടെ ആദ്യ ഡയറക്ടറും അധ്യക്ഷനുമായിരുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ സന്ദർശിച്ച് ആശീർവാദം സ്വീകരിച്ചു.

**KYC – കേരള യൂത്ത് കോൺഫറൻസ്**

KCYM സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള ചിയാരം കത്തോലിക്കാ ദേവാലയത്തിൽവച്ച് 20-22 ദിവസങ്ങളിൽ നടത്തി. പാലാ രൂപതയിൽനിന്ന് 25 യുവജനങ്ങൾ പങ്കെടുത്തു.

**2023 രൂപത പ്രവർത്തനവർഷ ഉദ്ഘാടനം**

SMYM - KCYM പാലാ രൂപത ജൂബിലിവർഷസമിതിയുടെ പ്രവർത്തനവർഷം ഉദ്ഘാടനം കോതനല്ലൂർ വി. ഗർവാസീസ് & പ്രോത്താസീസ് ഫൊറോനാപള്ളിയിൽ വച്ച് ജനുവരി 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:15 ന് നടത്തപ്പെട്ടു. KCYM സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിജോ ഇടയാടി ഉദ്ഘാടനകർമ്മം നിർവഹിച്ചു. കടുത്തുരുത്തി MLA ശ്രീ മോൻസ് ജോസഫ്, കോതനല്ലൂർ പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ പടിയ്ക്കക്കുഴുപ്പിൽ,

പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, കോതനല്ലൂർ ഫൊറോന ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, രൂപതാ പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, എസ്.എം.വൈ.എം. 2023 വർഷ ഭാരവാഹികൾ, മുൻവർഷ ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**അപലപിച്ചു**

ന്യൂനപക്ഷസമൂഹമായ ക്രൈസ്തവസമൂഹത്തെ മാനിക്കാതെ ന്യൂനപക്ഷവകുപ്പ് ഒരു പ്രത്യേക മതവിഭാഗത്തിനു മാത്രമായി നൽകിയ കേരള സർക്കാരിന്റെ പ്രവൃത്തിക്കെതിരേ എസ്.എം.വൈ.എം. പാലാ രൂപത അപലപിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**നൈറ്റ് വിജിൽ**

എല്ലാ മാസവും ആദ്യവെള്ളിയാഴ്ചകളിൽ നടത്തിവരുന്ന നൈറ്റ് വിജിൽ കൂട്ടായ്മ 2023 ജനുവരി 6 വൈകിട്ട് 7 മണി മുതൽ പിറ്റേദിവസം രാവിലെ 6 മണി വരെ അൽഫോൻസാ കോളേജ് ചാപ്പലിൽവച്ചു നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ, ചാൾസ് ടോമി, തുടങ്ങിയവർ നയിച്ച പ്രാർഥനാക്കൂട്ടായ്മയിൽ ഫാ. ജോബി MST ആണ് ക്ലാസ് നയിച്ചത്.

**AVIV- 2nd Saturday Gathering**

എല്ലാ രണ്ടാം ശനിയാഴ്ചയും Aviv എന്ന പേരിൽ നടത്തിവരുന്ന പ്രാർഥനക്കൂട്ടായ്മ ജനുവരി 14 നു രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ, അഖിൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമിൽ മുപ്പത്തഞ്ചോളം പേർ പങ്കെടുത്തു. പാരിഷ് ടീം അംഗമായ ആഗ്നസ് ക്ലാസ് നയിച്ചു.

**ഓൺലൈൻ ആരാധന**

പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും രാത്രി 8.30 മുതൽ 9 മണിവരെ ഓൺലൈനായി ആരാധന നടത്തിവരുന്നു. ജനുവരി 31 വരെ നടത്തപ്പെടുന്ന ഈ പ്രാർഥന അടുത്ത പ്രവർത്തനവർഷത്തിലേക്കുള്ള പുതിയ ടീമുകളുടെ നിയോഗങ്ങൾക്കായി സമർപ്പിച്ചു നടത്തപ്പെടുന്നതാണ്.

**പാലാ ജീസസ് യൂത്തിൽനിന്ന് മൂന്നു വൈദികർകൂടി**

ജീസസ് യൂത്ത് മൂവ്മെന്റിൽനിന്നു സഭയ്ക്കുവേണ്ടി പാലായിൽനിന്നു മൂന്ന് സുവർണ്ണപുഷ്പങ്ങൾകൂടി. ഫാ. ജോസഫിൻ മൂക്കൻതോട്ടത്തിൽ, ഫാ. ക്ലിന്റോ കണിയാംപടി, ഫാ. ബെബിൻ ഈറ്റയാങ്കൽ എന്നിവരാണ് പുതിയതായി

പൗരോഹിത്യജീവിതാന്തസ്സിലേക്കു പ്രവേശിച്ചത്. ഇവർ മൂവരും നിരവധി വർഷങ്ങളായി ജീസസ് യൂത്ത് മൂവ്മെന്റിനോട് ചേർന്നു നില്ക്കുന്നവരാണ്.

**അജ്ന ഷോർട്ട് ഫിലിം – ശാലോം ടിവിയിൽ**

ദിവ്യകാരുണ്യ ഈശോയേ ഒത്തിരി സ്നേഹിച്ച് ഒരുപാടുപേർക്കു മാതൃകയായി നമ്മുടെ ഇടയിൽ ജീവിച്ചു നമ്മിൽനിന്നു വിടവാങ്ങിയ ജീസസ് യൂത്ത് അജ്നയുടെ ജീവിതത്തെ ആസ്പദമാക്കി ജീസസ് യൂത്ത് പാലാ അണിയിച്ചൊരുക്കിയ ഷോർട്ട് ഫിലിം അജ്നയുടെ ഒന്നാം ചരമവാർഷികദിനമായ ജനുവരി 21 നു ശാലോം ടിവിയിൽ രാത്രി 8.30 നു സംപ്രേഷണം ചെയ്തു. ജീസസ് യൂത്ത് പാലായുടെ യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്ത ഷോർട്ട് ഫിലിം ഇതിനോടകം 35000 പേരോളം കണ്ടുകഴിഞ്ഞു.

**ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ്–2023**

ജീസസ് യൂത്ത് ഇന്ത്യ 2023 ഒക്ടോബർ 21 മുതൽ 24 വരെ നാഷണൽ കോൺഫറൻസ് പ്രഖ്യാപിച്ചു. ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിൽ വച്ചു നടത്തപ്പെടുന്ന പ്രോഗ്രാം 'ജാഗോ' എന്ന പേരിലാണ് നടത്തപ്പെടുന്നത്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

പാലാ രൂപത കുടുംബക്കൂട്ടായ്മ രൂപതാസമിതിയുടെയും റിസോഴ്സ് ടീമിന്റെയും സംയുക്തയോഗം ജനുവരി 24 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ച് യോഗം ആരംഭിച്ചു.**

ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ യോഗത്തിൽ അധ്യക്ഷൻ വഹിച്ചു. നവംബർ 25-ാം തീയതി നടത്തപ്പെട്ട കുടുംബക്കൂട്ടായ്മ രജതജൂബിലി സമ്മേളനത്തെപ്പറ്റിയുള്ള അവലോകനം നടത്തി. ആഘോഷങ്ങൾ വളരെ ഭംഗിയായി നടത്താൻ സാധിച്ചതിൽ വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചവരെ ബഹു. ഡയറക്ടറച്ചൻ അഭിനന്ദിച്ചു.

രജതജൂബിലി ആഘോഷങ്ങളുടെ കണക്കുകൾ സെക്രട്ടറി ശ്രീ ജോണി വേലംകുന്നേൽ യോഗത്തിൽ അവതരിപ്പിച്ചു.

രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ ജൂബിലിയാഘോഷങ്ങൾ വൻ വിജയമാക്കിയതിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. പുതിയ രൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ യോഗം തീരുമാനിച്ചു. ബഹുമാനപ്പെട്ട ഡയറക്ടറച്ചൻ സമാപനപ്രാർത്ഥന നടത്തി. ചായസൽക്കാരത്തോടെ 4.30 ന് യോഗം അവസാനിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

ജനുവരി 2-4, ജനുവരി 16-18 എന്നീ തീയതികളിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 207 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

ജനുവരി 30-ഫെബ്രുവരി 1, ഫെബ്രുവരി 13-15, ഫെബ്രുവരി 27 - മാർച്ച് 1, മാർച്ച് 27-29 എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ് മീറ്റ്

ജനുവരിമാസത്തിലെ പേരന്റ്സ് മീറ്റിങ്ങിൽ റവ.ഫാ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 400 മാതാപിതാക്കന്മാർ സംബന്ധിച്ചു.

## B. സന്തുഷ്ട കുടുംബപദ്ധതി

2000 മാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 53 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തികസഹായം (ജനുവരിമാസത്തിലേക്ക്) 5-ാം തീയതി ബാങ്ക് ട്രാൻസ്ഫർവഴി നൽകി.

## C. പിതൃവേദി

### 1. രൂപതാസമിതി

ജനുവരി 22 ഞായർ 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ പ്രസിഡന്റ് ജോസഫ് വടക്കേൽ, സെക്രട്ടറി ജോസ് തോമസ് മുത്തനാട്ട് എന്നിവരും മറ്റ് 25 അംഗങ്ങളും സംബന്ധിച്ചു. യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ എങ്ങനെ കാര്യക്ഷമമാക്കാം എന്നതിനെക്കുറിച്ചു ചർച്ച നടന്നു.

## D. മാതൃവേദി

### 1. പ്രവർത്തനവർഷ ഉദ്ഘാടനം

രൂപത പ്രവർത്തനവർഷ ഉദ്ഘാടനം ജനുവരി 19 വ്യാഴാഴ്ച അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ പ്രസിഡന്റ് സിജി ജാക്സൺ പടന്നമാക്കൽ, സെക്രട്ടറി ഷേർളി ചെറിയാൻ മഠത്തിപറമ്പിൽ, ട്രഷറർ ഡയാന രാജു ഓലിക്കൽ എന്നിവർ മീറ്റിങ്ങിനു നേതൃത്വം നൽകി. ജോയിന്റ് ഡയറക്ടർ സി. ഡോ. എൽസാ റ്റോം കർമ പരിപാടികൾ വിശദീകരിച്ചു. വിവിധ യൂണിറ്റുകളിൽനിന്നുള്ള പ്രസിഡന്റു, സെക്രട്ടറിമാരുമായ മുന്നൂറ്റിപത്തോളം അംഗങ്ങൾ പങ്കെടുത്തു.

**2. മേഖലാ വാർഷികവും ഉദ്ഘാടനവും**

ജനുവരി 11 കടനാട്
ജനുവരി 13 ചേർപ്പുങ്കൽ
ജനുവരി 21 ഇലഞ്ഞി

**3. യൂണിറ്റ് ജൂബിലി**

ജനുവരി 25 ന് ഫാത്തിമാപുരം യൂണിറ്റ് മാതൃവേദിയുടെ 25 വർഷങ്ങൾ പൂർത്തിയാക്കി.

**4. രൂപതാസമിതി**

ജനുവരി 11-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ആദ്യ രൂപതാസമിതി മീറ്റിങ് നടന്നു. 30 പേർ സംബന്ധിച്ച മീറ്റിങ്ങിൽ ഭാവിപരിപാടികൾ ചർച്ച ചെയ്തു.

## E. പ്രോലൈഫ്

**മീറ്റിങ്**

ജനുവരി 21-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു. മൂന്നു വലിയ കുടുംബങ്ങൾ മീറ്റിങ്ങിൽ പങ്കെടുത്തു.

## F. സീറോ മലബാർ പാലാ മാട്രിമോണി

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൻ സേവനവിഭാഗമായ പാലാ മാട്രിമോണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമോണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. പാലാ മാട്രിമോണിയിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയിലെയും മെമ്പേഴ്സിനെ സേർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം, പെയ്മെന്റ് നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചയിലെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 977819182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോം സയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ് പെയിന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എബ്രോയിഡറി,

സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321.

**I. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായ പദ്ധതിയായ മംഗല്യനിധിവഴി ഡിസംബർ, ജനുവരി മാസങ്ങളിൽ ഉരുളികുന്നം, പ്രവിത്താനം, ളാലം പഴയപള്ളി, വടകര, മാൻവെട്ടം, ഉറുമ്പുകാവ് എന്നീ ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**അനുസ്മരണപ്രാർത്ഥന**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ദിവംഗതനായ എമിരിറ്റസ് മാർപാപ്പാ ബെനഡിക്ട് പതിനാറാമനോടുള്ള ആദരസൂചകമായി പ്രാർത്ഥനാശുശ്രൂഷ പാലാ കുരിശുപള്ളിയിൽ വച്ചു നടത്തി. പ്രാർത്ഥനയ്ക്കു രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നൽകി. രൂപത, ഫൊറോന യൂണിറ്റ് ഭാരവാഹികൾ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തു.

**പ്രതിഷേധധർണ**

ഛത്തീസ്ഗഡിലെ നാരായണപൂരിൽ കത്തോലിക്കാ ദൈവാലയവും തിരുസ്വരൂപങ്ങളും അക്രമിസംഘം അടിച്ചുതകർത്തതിൽ പ്രതിഷേധിച്ചു. അവിടുത്തെ വിശ്വാസികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാരുകൾ കർശനനടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടും രൂപതാസമിതയുടെ നേതൃത്വത്തിൽ പ്രതിഷേധധർണ നടത്തി. ആക്രമണത്തിൽ ഇരയായ സേക്രഡ് ഹാർട്ട് പള്ളി ജഗദൽപൂർ രൂപതയുടെ കീഴിലുള്ള പ്രധാന ദൈവാലയമാണ്. പ്രതിഷേധധർണ വികാരി ജനറൽ റവ.ഡോ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, സാജു അലക്സ്, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാൻജോ ജോർജ് എന്നിവർ സംസാരിച്ചു.

**പ്രസംഗമത്സരം**

മൂലമറ്റം മേഖലയുടെ നേതൃത്വത്തിൽ “വിശുദ്ധ ചാവറപിതാവ് സഭയ്ക്കും സമൂഹത്തിനും മാർഗ്ഗദർശി” എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം നടത്തി.

വിജയികൾക്കു ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും നൽകി. മേഖല ഡയറക്ടർ ഫാ. കുര്യൻ കാലായിൽ, ജോയി കെ. മാത്യു കണിപറമ്പിൽ, ഫ്രാൻസിസ് കരിമ്പാനി, അജിൻ പനച്ചിക്കൽ, റോയി കെ. കല്ലറങ്ങാട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**ഊട്ടുനേർച്ച**

കടനാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വി. സെബസ്ത്യാനോസിന്റെ ദർശന ത്തിരുനാളിനോടനുബന്ധിച്ച് ഊട്ടുനേർച്ച നടത്തി. അയ്യായിരത്തോളം വിശ്വാസികൾ ഊട്ടുനേർച്ചയിൽ പങ്കെടുത്ത് നേർച്ച ഭക്ഷിച്ചു. ബിനു വള്ളോാംപുരയിടം, ജിമ്മി ചീങ്കല്ലേൽ, ജോസ് നടുവിലേക്കുറ്റ് എന്നിവർ നേതൃത്വം നൽകി.

## CC CHANNEL 3

'മിഴി തുറക്കൂ നല്ലതും നന്മയും കാണുവാൻ' എന്ന മുഖമുദ്രയോടെ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ മേൽനോട്ടത്തിൽ ഒരു ഓൺലൈൻ ചാനൽ തുടങ്ങി www.ccchannels.com എന്നാണ് പേര്. Helpline No.: +91 9988441918.

**രോഗനിർണ്ണയക്യാമ്പ്**

ഇലഞ്ഞി മേഖല കമ്മറ്റിയുടെയും കാക്കൂർ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നേത്ര, ദന്ത, ജീവിതശൈലിരോഗനിർണയക്യാമ്പ് നടത്തി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. സുരക്ഷിതഭവനങ്ങൾ സമാധാനത്തിന്റെ ഇരിപ്പടങ്ങൾ -മാർ ജോസഫ് കല്ലറങ്ങാട്ട്**

കൂട്ടിക്കൽ: കിഴക്കിന്റെ സുരക്ഷയ്ക്കും ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതത്തിനും പാലാ രൂപത മുന്തിയ പരിഗണന നൽകുന്നതായും വാസയോഗ്യമായ വീടുകൾ കുടുംബസമാധാനത്തിന്റെ ഇരിപ്പിടങ്ങളാണെന്നും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. കൂട്ടിക്കൽ ദുരിതമേഖലയിൽ നിർമ്മാണം പൂർത്തിയായ അഞ്ചു വീടുകളുടെ ആശീർവ്വാദവും താക്കോൽ ദാനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു, ബിഷപ്. ഇതോടെ പൂർണ്ണമായി നിർമ്മിച്ച വീടുകളുടെ എണ്ണം 13 ആയി. കൂടാതെ, പുതുതായി രണ്ടു വീടുകൾക്കുകൂടി തറക്കല്ല് കൂദാശ ചെയ്തതോടെ 12 വീടുകളുടെ നിർമ്മാണമാണ് പുരോഗമിക്കുന്നത്. രൂപത വികാരി ജനറൽ മോൺ. ജോസഫ് മലേപ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, കൂട്ടിക്കൽ ഫൊറോനാ വികാരി ഫാ. ജോസഫ് മണ്ണനാൽ, കാവാലി പള്ളി വികാരി ഫാ. ജോസഫ് കൂനാനിക്കൽ, വേലനിലം പള്ളി വികാരി ഫാ. പോൾ പാറക്കൽ, റീബിൽസ് മിഷൻ ഇൻചാർജ്ജ് ഫാ. തോമസ് സിറിൾ തയ്യിൽ എന്നിവർ സന്നിഹിതരായിരുന്നു.

**2. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

**കുടുംബോദ്ധാരണപദ്ധതി ഫണ്ട് വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ നടപ്പാക്കിവരുന്ന കുടുംബോദ്ധാരണപദ്ധതി പ്രകാരം 252 കുടുംബങ്ങൾക്കുള്ള ധനസഹായവിതരണം ഫെബ്രുവരി മാർച്ച് മാസങ്ങളിൽ നടക്കും. കുടുംബങ്ങളുടെ ജിവിതനിലവാരം ഉയർത്തുന്നതിനു പ്ലാൻ ചെയ്ത് തയ്യാറാക്കിയ വരുമാനവർദ്ധകപദ്ധതികൾ നടപ്പാക്കുന്നതിനാണു സഹായം നൽകുക. ഫണ്ട് ലഭിച്ച 2 മാസത്തിനകം പദ്ധതി പൂർത്തിയാക്കേണ്ടതാണ്. ഒരു കുടുംബത്തിന് 14000 രൂപമുതൽ 20000 രൂപവരെയാണ് ധനസഹായം അനുവദിക്കുന്നത്. ഫണ്ട് എടുക്കുന്നതിനുള്ള അപേക്ഷകൾ ഫെബ്രുവരി 15-നകം ഓഫീസിൽ ലഭിക്കണം

**3. ഗുജറാത്ത് പഠനയാത്ര**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ മാർച്ച് 13 മുതൽ 19 വരെ ഗുജറാത്ത് നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ് ആസ്ഥാനത്തേക്ക് പഠനയാത്ര സംഘടിപ്പിച്ചിരിക്കുന്നു. P.S.W.S. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ എന്നിവരുടെ നേതൃത്വത്തിൽ 25 അംഗങ്ങൾ പഠനയാത്രയിൽ പങ്കെടുക്കും. മാർച്ച് 13 നാണ് പഠനയാത്ര ആരംഭിക്കുക. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡും മലയാളിയായ വർഗീസ് കുര്യൻ സ്ഥാപിച്ച അമുൽ കമ്പനിയും അനുബന്ധസ്ഥാപനങ്ങളും സന്ദർശിക്കാനും അവസരമുണ്ടാകും

**4. മില്ലറ്റ് ഭക്ഷ്യമേളയും സെമിനാറും**

അന്താരാഷ്ട്ര വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ 2023 മില്ലറ്റ് വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മില്ലറ്റ് ബോധവൽക്കരണ സെമിനാറിൽ മില്ലറ്റ് പാചകപരിശീലനം തുടങ്ങി വിവിധ പരിശീലനപരിപാടികൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടക്കും. മണിച്ചോളം, തിന കമ്പ, റാഗി, വരഗ്, ചാമ, കുതിരവാലി തുടങ്ങിയ വിവധ മില്ലറ്റുകളുടെ വിതരണപരിപാടികളും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കും. പ്രസ്തുത പരിപാടിയുടെ രൂപതാതല ഉദ്ഘാടനം പാലാ അഗ്രിമയിൽവച്ചു നടക്കും.

**5. ബിരിയാണി ചലഞ്ച് - പാലാ കത്തീഡ്രൽ ഫൊറോന**

പാലാ കത്തീഡ്രൽ ഫൊറോനായിലെ ഒൻപതു പള്ളികളിൽ കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി ധന സമാഹരണാർത്ഥം ബിരിയാണി ചലഞ്ച് നടത്തി. 2023 ജനുവരി ഒന്നാം തീയതി പാലാ കത്തീഡ്രൽ, ളാലം ഓൾഡ്, ളാലം ന്യൂ, അരുണാപുരം, കിഴതടിയൂർ, നെല്ലിയാനി, മീനച്ചിൽ, മേവട, ഉരുളികുന്നം എന്നീ പള്ളികളിലെ സ്വയംസഹായ കർഷകദളങ്ങൾ, എസ്.എം.വൈ.എം. മിഷൻലീഗ്‌യൂണിറ്റ് വഴിയാണ് രണ്ടായിരത്തോളം ബിരിയാണി പായ്ക്കറ്റുകൾ വിതരണം നടത്തിയത്.

രാമപുരം ഫൊറോനയുടെ വിവിധ ഇടവകകളിൽ 2023 ജനുവരി 29-ാം തീയതി കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി ബിരിയാണി ചലഞ്ച് നടത്തി. 1200 ലധികം ബിരിയാണി പായ്ക്കറ്റുകൾ വിതരണം ചെയ്തു. സ്വയംസഹായ/കർഷകദളങ്ങൾ, മറ്റു സന്നദ്ധസംഘടനകളുടെ നേതൃത്വത്തിലാണ് ഓരോ പള്ളികളിലും ബിരിയാണി പായ്ക്കറ്റുകൾ വിതരണം ചെയ്തത്. സമാഹരിക്കുന്ന തുക ക്യാൻസർബാധിതർക്ക് ചികിത്സാധനസഹായമായി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**6. സ്വാശ്രയസംഘം/കർഷകദളം ഭാരവാഹികൾക്ക് നേതൃത്വപരിശീലനം**

കുറവിലങ്ങാട്, മുട്ടുചിറ, ഇലഞ്ഞി ഫൊറോനാകളിലെ സ്വാശ്രയസംഘം ഭാരവാഹികൾക്കായി നബാർഡിന്റെ സഹായത്തോടെ ജീവിതപുണ്യശേഷികൾ, സാമ്പത്തികസാക്ഷരത എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലനപരിപാടി സംഘടിപ്പിച്ചു. കുറവിലങ്ങാട് സോണൽ ഡയറക്ടർ ഫാ. എമ്മാനുവൽ കാഞ്ഞിരത്തുങ്കലിന്റെ അധ്യക്ഷതയിൽ PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ പരിപാടി ഉദ്ഘാടനം ചെയ്തു. PSWS പ്രോജക്റ്റ് കോർഡിനേറ്റർ സിബി മാത്യു കണിയാംപടി, PRO ഡാന്റീസ് കൂനാനിക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. പ്രോജക്റ്റ് ഓഫീസർ മെർലി ജെയിംസ് സോണൽ കോർഡിനേറ്റമാരായ ലിജി ജോൺ, ഷിജി മാത്യു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. ജീവിതശൈലി ബോധനസെമിനാർ**

ക്യാൻസറിനെ പ്രതിരോധിക്കുന്ന സമൂഹങ്ങളെ രൂപപ്പെടുത്താനുള്ള പാതയിൽ കാരിത്താസ് ഇന്ത്യയുടെ ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞവുമായി പാലാ സോഷ്യർ വെൽഫെയർ സൊസൈറ്റിയും മാർസ്ലീവാ മെഡിസിറ്റി ചേർപ്പുങ്കലുമായി സഹകരിച്ച് അരുവിത്തുറ ഫൊറോനായിലെ സ്വയംസഹായ അംഗങ്ങൾ, മാതൃവേദി, പിതൃവേദി മറ്റു ഭക്തസംഘടന അംഗങ്ങൾ എന്നിവർക്കായി അരുവിത്തുറ ഫൊറോനാപള്ളി പാരീഷ്ഹാളിൽ ജനുവരി 24-ാം തീയതി രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ ജീവിതശൈലി ബോധന സെമിനാർ നടത്തി. ഫൊറോനാവികാരി റവ. ഡോ. അഗസ്റ്റ്യൻ പാലയ്ക്കാപ്പറമ്പിലിന്റെ അധ്യക്ഷതയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മാർസ്ലീവാ മെഡിസിറ്റി ഓങ്കോളജി കൺസൾട്ടന്റ് ഡോ. ജോഫിൻ കെ ജോണി, പ്രോഗ്രാം കോർഡിനേറ്റർ ആൽഫിൻ ആന്റോ, PSWS റീജിയണൽ കോർഡിനേറ്റർ സിബി മാത്യു കണിയാംപടി, പ്രോജക്റ്റ് ഓഫീസർ മെർലി ജെയിംസ്, സോണൽ കോർഡിനേറ്റർ ശാന്തമ്മ ജോസഫ് തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നല്കി.

**8. വൻ തേനീച്ച, ചെറുതേനീച്ച വളർത്തൽ – മൂല്യവർദ്ധിത ഉത്പന്നനിർമ്മാണം ശാസ്ത്രീയപരിശീലനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ ചെറുതേനീച്ച, വൻതേനീച്ച വളർത്തൽ ശാസ്ത്രീയപരിശീലനം സംഘടിപ്പിക്കുന്നു. പാലായിൽവച്ച് 15 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യപരിശീലനപരി

പാടിയിൽ തേനീച്ചവളർത്തൽ, കൂടുപിരിക്കൽ, തേനെടുക്കൽ, സംസ്കരണം, മഴക്കാലസംരക്ഷണം, മൂല്യവർദ്ധിത ഉത്പന്നനിർമ്മാണം തുടങ്ങിയവയിൽ വിദഗ്ധ പരിശീലനം നല്കും. പാലാഹരിതം, പാലാസാന്തോം എന്നീ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളിലെ അംഗങ്ങൾക്കും അംഗങ്ങളാകാൻ ആഗ്രഹിക്കുന്നവർക്കും ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കാം. 2023 ഫെബ്രുവരി മാസം നടത്തുന്ന പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബന്ധപ്പെടുക. 9447601428.

**9. വനിതാദിനാചരണം 2023**

മഹിളാപ്രതിഭകളെ ആദരിക്കൽ. 2023 ലെ അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി ഗതാഗതരംഗത്തു പ്രതിഭതെളിയിച്ച പൈലറ്റുകൾ, ലോക്കോ പൈലറ്റുകൾ, ടാക്സി ഡ്രൈവർമാർ ബസ്/ട്രക്ക് ഡ്രൈവർമാർ എന്നിവരെ കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസ്, എ.കെ.സി.സി, ജെ.പി.ഡി. കമ്മീഷൻ ആദരിക്കുന്നു. ഗതാഗതമേഖലയിൽ മാതൃകാപരമായ സംഭാവനകൾ നൽകിയിട്ടുള്ളവരോ നിലവിൽ ട്രാൻസ്പോർട്ടേഷൻ മേഖലയിൽ പ്രവർത്തിക്കുന്നവരോ ആയ സ്ത്രീകളെയാണ് ഇത്തവണ വനിതാദിനത്തോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ ആദരിക്കുന്നത്. ഇപ്രകാരം ആദരവിന് പരിഗണിക്കപ്പെടേണ്ടവരുടെ ബയോഡേറ്റകൾ 2023 ഫെബ്രുവരി 10 നുമുമ്പ് നമ്മുടെ ഓഫീസിൽ നൽകേണ്ടതാണ്. സോണൽ കോർഡിനേറ്റർമാർ ഈ കാര്യത്തിൽ പ്രത്യേകശ്രദ്ധയും താത്പര്യവും പുലർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അന്വേഷണങ്ങൾക്ക് 9447143305.

**10. മുട്ടക്കോഴിവിതരണം**

അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽവച്ച് മാർച്ച് 6 ന് ബി.വി. 380 എന്നീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യും.

**11. വാട്ടർ ടാങ്ക് വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വേനൽക്കാലജലവിതരണപദ്ധതിയുടെ ഭാഗമായി സ്വയംസഹായസംഘത്തിലെ അംഗങ്ങൾക്ക് വാട്ടർ ടാങ്ക് തവണവ്യവസ്ഥയിൽ വിതരണംചെയ്യുന്നു.

**12. നേതൃത്വപരിശീലന സെമിനാർ**

അമ്പാറനിരപ്പേൽ, മാൻവെട്ടം എന്നിവിടങ്ങളിൽ നേതൃത്വപരിശീലനപരിപാടി നടന്നു.

**13. സ്വാശ്രയസംഘം വാർഷികങ്ങൾ**

ചേന്നാട്, മണിയംകുളം, ഇടമറുക് എന്നീ യൂണിറ്റുകളുടെ വാർഷികങ്ങൾ നടന്നു.

**വേരധിഷ്ഠിത നൂതനകൃഷി പ്രചരിപ്പിക്കൽ**

ജൈവകൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളസോഷ്യൽ സർവീസ് ഫോറം സഹകരണത്തോടെ 60 കർഷകർക്ക് ഒരുലക്ഷം വിതരണം ചെയ്തു. നൂതനകൃഷിരീതിയായ റൂട്ട് സോൺ ഫെർട്ടിഗേഷൻ ടെക്നിക്, ജൈവ

നെൽക്കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് ധനസഹായം നൽകിയത്. പ്രവിത്താനം, ഭരണങ്ങാനം സോണുകളിലെ കർഷകർ ഈ പദ്ധതിയിൽ പങ്കാളികളായി.

**പുരസ്കാരത്തിളക്കത്തിൽ മൂഴൂർ മിത്രം പ്രോജക്ട്സ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ നബാർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന കർഷകരുടെ കൂട്ടായ്മയായ മിത്രം ഫുഡ് പ്രോജക്ട്സിന് കേന്ദ്ര കിഴങ്ങുവിളഗവേഷണകേന്ദ്രത്തിന്റെ പുരസ്കാരം ലഭിച്ചു. മൂഴൂർ ഫാർമേഴ്സ് ക്ലബ് അംഗങ്ങളുടെ കൃഷിയിടത്തിൽനിന്നു ശേഖരിക്കുന്ന കപ്പ ഉപയോഗിച്ചു CTCRI യുടെ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ സംഘം ശേഖരിക്കുന്നത്.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**തിരുപ്പട്ടസ്വീകരണവും നവപൂജാർപ്പണവും**

മഞ്ഞാമറ്റം ഇടവകയിൽപെട്ട ഡി.സി.എം.എസ്. കുടുംബാംഗമായ ഫാ. സാം വയലിൽ സിഎസ്റ്റി 2023 ജനുവരി 3-ാം തീയതി ചൊവ്വാഴ്ച, പാലാരൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിക്കുകയും തുടർന്ന് പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. നവവൈദികന് ഡി.സി.എം.എസ് പാലാരൂപത സമിതിയുടെ അഭിനന്ദനങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

തിരുവനന്തപുരം മലങ്കര രൂപതയിലെ അഞ്ചമട ഇടവകയിൽപ്പെട്ട ഡി.സി.എം.എസ്. കുടുംബാംഗമായ ഫാ. ജിജോ ബഞ്ചമിൻ പള്ളിത്തറ ഒ.ഐ.സി 2023 ജനുവരി 12-ാം തീയതി പൗരോഹിത്യം സ്വീകരിക്കുകയും പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു. നവവൈദികന് ഡി.സി.എം.എസ് പാലാരൂപത സമിതിയുടെ അഭിനന്ദനങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

**ഫ്യൂച്ചർ സ്റ്റാർസ്**

ഡി.സി.എം.എസ് പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന ദലിത് കത്തോലിക്കാ കുട്ടികൾക്കായുള്ള സിവിൽ സർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാം ആയ ഫ്യൂച്ചർ സ്റ്റാർസ് -ലെ കുട്ടികളുടെ മാതാപിതാക്കളുടെയും അധ്യാപകരുടെയും യോഗം 2023 ജനുവരി 8-ാം തീയതി ഞായറാഴ്ച 1.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ഓർഗനൈസർ ശ്രീ ബേബി ആന്റണി, ഫ്യൂച്ചർ

സ്റ്റാർസ് കോർഡിനേറ്റർമാരായ ശ്രീ ജോയി മാത്യു, ശ്രീമതി ബിന്ദു ആന്റണി, മെന്റേർസ്, അധ്യാപകർ എന്നിവർ മീറ്റിഗിൽ പങ്കെടുത്തു.

രൂപത കമ്മിറ്റി

2023 ജനുവരി 15-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും ഖജാൻജി ശ്രീമതി മേരി എം.പി. കണക്കും അവതരിപ്പിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി.

**ശ്രീ ജോസ് കെ.മാണി എം.പിക്ക് നിവേദനം നൽകി**

ഡി.സി.എം.എസ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് , പാലാരൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ, രൂപത ഓർഗനൈസർ ബേബി പാറയ്ക്കൽ എന്നിവർ ശ്രീ ജോസ് കെ. മാണി എം.പിയെ കണ്ട് ദലിത് ക്രൈസ്തവരുടെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഡി.സി.എം.എസ് സംസ്ഥാന സമിതിയുടെയും, പാലാ രൂപതാസമിതിയുടെയും നിവേദനം സമർപ്പിച്ചു സംസാരിച്ചു.

**മന്ത്രി റോഷി അഗസ്റ്റ്യന് നിവേദനം നൽകി**

ദലിത് ക്രൈസ്തവരുടെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഡി.സി.എം.എസ് പാലാ സംസ്ഥാനസമിതിയുടെ നിവേദനം 2023 ജനുവരി 16-ാം തീയതി തിങ്കളാഴ്ച സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ജലവിഭവവിഭാഗവകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റ്യന് സമർപ്പിച്ചു സംസാരിച്ചു.

**കെസിബിസി എസ്.സി/എസ്.ടി/ബി.സി. കമ്മീഷൻ യോഗം**

2023 ജനുവരി 20-ാം തീയതി വെള്ളിയാഴ്ച, രാവിലെ 10.30 ന് കോട്ടയം ആർച്ച് ബിഷപ്സ് ഹൗസിൽ വച്ച് കെസിബിസി എസ്.സി/എസ്.ടി/ബി.സി. കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം പിതാവിന്റെ അധ്യക്ഷതയിൽ ചേർന്നു. വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സെക്രട്ടറി ഫാ. ജോസ് വടക്കേക്കുറ്റ്, ജോ. സെക്രട്ടറി ജെയിംസ് ഇലവുങ്കൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു. മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. പരി. ബനഡിക്ട് മാർപാപ്പായുടെയും ഡി.സി.എം.എസ് സംസ്ഥാന ഖജാൻജി എൻ. ദേവദാസിന്റെയും നിര്യാണത്തിൽ അവരെ അനുസ്മരിച്ചു പ്രാർത്ഥന നടത്തി.

**കെസിബിസി എസ.സി./എസ.ടി./ബി.സി. കമ്മീഷൻ ചെയർമാന് സ്വീകരണം**

2023 ജനുവരി 21-ാം തീയതി രാവിലെ 11 മണിക്ക് കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഡി.സി.എം.എസ് സംസ്ഥാന സമ്മേളനത്തിൽ കെസിബിസി എസ്സി/എസ്ടി/ബിസി കമ്മീഷൻ ചെയർ മാനായി തിരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം പിതാവിന്

സ്വീകരണം നൽകി. സമ്മേളനം കേരള കോൺഗ്രസ്സ് എം. ചെയർമാൻ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. അസി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, പി. ഒ. പീറ്റർ, സി. സി. കുഞ്ഞുകൊച്ച്, സംസ്ഥാന വൈസ് പ്രസിഡന്റ് വിൻസെന്റ് ആന്റണി, സംസ്ഥാന ജനറൽ സെക്രട്ടറി ജസ്റ്റിൻ പി. സ്റ്റീഫൻ, സെക്രട്ടറി ബിജി സാലസ്, ജോ. സെക്രട്ടറി ബിജു അരുവിക്കുഴി എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

വിവിധ പ്രശ്നങ്ങളടങ്ങുന്ന നിവേദനം ശ്രീ ജോസ് കെ. മാണി എം.പിക്ക് സംസ്ഥാന കമ്മിറ്റിയംഗങ്ങൾ നൽകി.

**സംസ്ഥാന കൗൺസിൽ**

2023 ജനുവരി 21-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കലിന്റെ അധ്യക്ഷതയിൽ സംസ്ഥാന കൗൺസിൽ നടത്തപ്പെട്ടു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖസന്ദേശം നൽകി. വിവിധ വിഷങ്ങളെക്കുറിച്ച് ചർച്ച നടത്തി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1.** ഡിസൈർ പ്രോജക്ടിന്റെ രണ്ടും മൂന്നും നാലും അഞ്ചും പരിശീലനപരിപാടികൾ പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിൽ വച്ചു നടത്തി.

**2.** ശാരീരികവൈകല്യമുള്ളവരുടെ അതിജീവനത്തിനുവേണ്ടി 30 അമ്മമാർക്ക് അഞ്ചു കോഴിക്കുഞ്ഞുങ്ങളെ വീതം നല്കി.

3. ഡിസൈർ പ്രോജക്ട് അവസാന ഘട്ടങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ആവശ്യപ്പെട്ട മെഡിക്കൽ എക്വിപ്മെന്റ്സ് തയാറായിക്കൊണ്ടിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. പ്രോജക്ട്**

കേരള ലേബർ മൂവ്മെന്റിന്റെ ഡിസൈർ പ്രോജക്ടിന്റെ രണ്ടും മൂന്നും നാലും അഞ്ചും പരിശീലനപരിപാടികൾ പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷൽ സ്കൂളിൽ വച്ചു നടത്തി.

**2.** ശാരീരിക വൈകല്യമുള്ളവരുടെ അതിജീവനത്തിനുവേണ്ടി 30 അമ്മമാർക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം നല്കി.

3. ഡിസൈർ പ്രോജക്ട് അവസാനഘട്ടങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ആവശ്യപ്പെട്ട മെഡിക്കൽ എക്വിപ്മെന്റ്സ് തയ്യാറായിക്കൊണ്ടിരിക്കുന്നു.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

2023 ജനുവരി മാസം 1, 8, 15, 22, 29 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ലിജോ, പാപ്പച്ചൻ മുത്തോലി എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി.

**2. അൽ അൽനോൺ, അൽ അറ്റീൻ മീറ്റിംഗ്**

2023 ജനുവരി മാസം 14 ശനിയാഴ്ച തീയതി അൽ അൽനോൺ, അൽ അറ്റീൻ മീറ്റിംഗ് അഡാർട്ടിൽ നടത്തപ്പെട്ടു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, മിസ് നിമ്മി സെബാസ്റ്റ്യൻ പുഴക്കര ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ക്ലാസ് നല്കി.

**3. അഡാർട്ട് – ഗാന്ധിദർശൻ ക്വിസ് മത്സരം**

കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡാർട്ടിന്റെയും വിവിധ ഗാന്ധിയൻ സംഘടനകളുടെയും ആഭിമുഖ്യത്തിൽ ഗാന്ധിജിയുടെ 75-മത് രക്തസാക്ഷിത്വത്തോടനുബന്ധിച്ച്, 2023 ജനുവരി 26 വ്യാഴാഴ്ച രാവിലെ 10 മണിക്ക്, UP, HS, HSS കുട്ടികൾക്കായി ക്വിസ് മത്സരം നടത്തി. 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ', ഗാന്ധിയൻദർശങ്ങളും ലഹരിരഹിതസമൂഹവും എന്നീ പുസ്തകങ്ങളിൽനിന്നാണ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്. സ്കൂൾതല ഗാന്ധിദർശൻ പരീക്ഷയിൽ വിജയികളായ കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തത്.

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 2000, 1500, 1000 ക്യാഷ് അവാർഡുകളും മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകി.

**4. ഗാന്ധിജിയുടെ രക്തസാക്ഷിദിനാചരണം സ്കൂളിൽ**

ജനുവരി 30 ന് തിങ്കളാഴ്ച - ഗാന്ധിജിയുടെ രക്തസാക്ഷിദിനത്തിൽ എല്ലാ സ്കൂളുകളിലും അഡാർട്ട് ക്ലബിന്റെയും മറ്റു സംഘടനകളുടെയും നേതൃത്വത്തിൽ അനുസ്മരണസമ്മേളനം, പുഷ്പാർച്ചന, ഗാന്ധിയൻ ചിന്തകളുടെ പങ്കുവയ്ക്കലുകൾ എന്നിവ നടന്നു.

**5. ഗാന്ധിജിയുടെ രക്തസാക്ഷിദിനാചരണം അഡാർട്ടിൽ**

ജനുവരി 29 ഞായറാഴ്ച ഗാന്ധിജിയുടെ രക്തസാക്ഷിദിനത്തോടനുബന്ധിച്ചുള്ള മീറ്റിംഗിൽ മഹാത്മാഗാന്ധിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. പ്രസ്തുത മീറ്റിംഗിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അദ്ധ്യക്ഷത വഹിച്ചു സന്ദേശം നല്കി. ഗാന്ധി പീസ് ഫൗണ്ടേഷൻ മെമ്പർ ബഹു. കെ.ജെ. എബ്രാഹം ഞാറയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ലിജോ, പാപ്പച്ചൻ മുത്തോലി എന്നിവർ നേതൃത്വം നല്കി.

**6. ബോധവത്കരണ ക്ലാസ്**

1. ജനുവരി 6 വെള്ളിയാഴ്ച മണലുങ്കൽ സെന്റ് അലോഷ്യസ് എൽ.പി. സ്കൂളിൽ ലഹരിബോധവത്കരണ പരിപാടിയിൽ അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു. അഡാർട്ട് കൗൺസിലേഴ്സ് മിസ് മരിയ പോൾ, ആൻ മരിയ എന്നിവർ ക്ലാസുകൾ എടുത്തു.

2. ജനുവരി 7 ശനിയാഴ്ച മണലുങ്കൽ സെന്റ് അലോഷ്യസ് എച്ച്.എസ്. സ്കൂളിൽ ബോധവത്കരണക്ലാസിന് അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി.

3. ജനുവരി 10 ചൊവ്വാഴ്ച കടനാട് സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ് സ്കൂളിൽ ബോധവത്കരണപരിപാടിയിൽ അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2023**

വിഷയം : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

**2. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് 2023 ജനുവരി 14 ന് ആരംഭിക്കുന്നു. ബൈബിളിലെ ചരിത്രപുസ്തകങ്ങളെക്കുറിച്ചുള്ള ക്ലാസിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ & കരിസ്മാറ്റിക്

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതങ്കൽ അച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ 2 മണി വരെയും വിശുദ്ധ ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യ കാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തുന്നു. ജനുവരി 13 ന് റവ. ഫാ. റിന്റോ സി.എം.ഐ. ആലുവ, 20 ന് ബ്രദർ ബാബു തൊമ്മനമറ്റം, 27 ന് ബ്രദർ ബോണി പാലാ എന്നിവർ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി

**2. കരിസ്മറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ സെന്റ് ജോസഫ് കിഴതടിയൂർ ദൈവാലയത്തിൽവച്ച് ജനുവരി 7 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ജപമാല, നന്ദി, സ്തുതി, ആരാധന, വിശുദ്ധ കുർബാന, ദിവ്യ കാരുണ്യആരാധന, മിനിസ്ട്രികളുടെയും കൗൺസിലുകളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ ക്രമീകരിക്കപ്പെട്ടു. ബ്രദർ തോമസ് കുര്യൻ വചനസന്ദേശം നൽകി.

**3 കുരിശിന്റെ വഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെയും ഓൺലൈനിൽ കുരിശിന്റെവഴി പ്രാർത്ഥന പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതങ്കലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അനേകം കുടുംബങ്ങൾ പങ്കെടുത്തു.

**4. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. 2022 ഡിസംബർ 31 ശനി റവ.ഫാ. ഷാജി തുമ്പേച്ചിറയിൽ, 2023 ജനുവരി 28 ശനി ബ്രദർ രാജൻ കാഞ്ചിയാർ എന്നിവർ വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ, രൂപത സേവന സമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**5.** ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നതിനെ സമർപ്പിച്ച് പാലാ കത്തീഡ്രലിൽ ജനുവരി 23 തിങ്കളാഴ്ച ഉപവാസ മധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി.

**6. KCSC സോണൽ സന്ദർശനം (Revival Fire)**

KCSC കോർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളിയും കോർ അംഗങ്ങളും, ജനുവരി 25 ന് സോണൽ സന്ദർശനം നടത്തി. പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് (9.00 am - 6.00 pm) നടന്ന കൂട്ടായ്മയിൽ സോണൽ സർവീസ് ടീം അംഗങ്ങൾ, സബ് സോൺ കോർ ടീം അംഗങ്ങൾ, വിവിധ മിനിസ്ട്രിയുടെയും കൗൺസിലിന്റെയും കോർ ടീം അംഗങ്ങൾ, എൽ.എസ്.എസ്. സെമിനാർ പൂർത്തിയാക്കിയവർ YU4C അംഗങ്ങൾ തുടങ്ങി 250 ഓളം പേർ പങ്കെടുത്തു. എൽ.എസ്.എസ്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകി.

**7.** ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS) ഫിസിക്കലായി തീക്കോയി സബ് സോണിൽ ആരംഭിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും ഒരു മണിമുതൽ 4 മണിവരെയായി 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന ഈ സെമിനാറിൽ അറുപതോളം പേർ പങ്കെടുക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പാല സബ്ജയിൽ**

ജീസസ് ഫ്രെട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ്ജയിലിൽ 2023 ജനുവരി 14 ന് ശനിയാഴ്ച ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സന്ദേശം നല്കി. സൂപ്രണ്ട് ഷാജിസാർ ആശംസകൾ അർപ്പിച്ചു. സെന്റ് തോമസ് കോളേജ് സ്റ്റാഫ് ജോണി പരമല ലഹരിയുടെ ദൂഷ്യവശത്തെക്കുറിച്ച് ഏകാംഗനാടകം അവതരിപ്പിച്ചു. മുണ്ടാങ്കൽ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ വിവിധ പരിപാടികൾ നടത്തി. സി. ലിസ് മരിയ സി.എം.സി. യും യൂണിറ്റ് അംഗങ്ങളും നേതൃത്വം നൽകി.

ജയിലിന്റെ സമുന്നതിക്കുവേണ്ടി നടത്തപ്പെട്ട ജയിൽ ക്ഷേമദിനാചരണ ചെലവിലേക്കായി ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപത സംഭാവന നല്കി.

**2. ഇടുക്കി ഡിസ്ട്രിക് ജയിൽ**

ജീസസ് ഫ്രെട്ടേണിറ്റിയുടെ നേതൃത്വത്തിൽ പാലാ സബ് ജയിലിൽ 2023 ജനുവരി 28 ന് ശനിയാഴ്ച ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ സന്ദേശം നല്കി. സെന്റ് തോമസ് കോളേജ് സ്റ്റാഫ് ജോണി പരമല ലഹരിയുടെ ദൂഷ്യവശത്തെക്കുറിച്ച് ഏകാംഗ നാടകം അവതരിപ്പിച്ചു. വെൽഫെയർ ഓഫീസർ ബഹു. ഷിജോ സാർ എല്ലാവർക്കും നന്ദിപറഞ്ഞു. സി. ലിസ്മരിയ സി.എം.സിയും യൂണിറ്റ് അംഗങ്ങളും നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** ഡിസംബർ 26 മുതൽ ജനുവരി 1 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി. ധ്യാനത്തിന്റെ പ്രഥമ ദിവസം പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് ദൈവവചനസന്ദേശം നൽകി.

**2.** ജനുവരി 5 മുതൽ 9 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് ത്രിദിന ദൈവരാജ്യാവബോധധ്യാനം നടത്തി.

**3.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപ ശുശ്രൂഷ, നിയോഗസമർപ്പണ ശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി മൂന്നു മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജനുവരി 14 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**4.** അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് ജനുവരി 18 ന് മൗണ്ട് നെബോ ആബാഭവനം സന്ദർശിച്ചു.

**5.** ജനുവരി 20 മുതൽ 30 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നവദിന ദൈവരാജ്യാഭിഷേകധ്യാനം നടത്തി.

**6.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | |
|---|---|
| 2023 ഫെബ്രു 11: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഫെബ്രു 14-20: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 മാർച്ച് 2-6: | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 മാർച്ച് 11: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 മാർച്ച് 17-23: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 ഏപ്രിൽ 1: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഏപ്രിൽ 11-17: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 ഏപ്രിൽ 27-മെയ് 1: | ത്രിദിന ദൈവരാജ്യാവബോധധ്യാനം |
| 2023 മെയ് 13: | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 മെയ് 16-22: | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |

ബുക്കിംഗിന്: 9847472522.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു. യൂണിറ്റ് തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ബൈബിൾ കൺവൻഷൻ, ക്രിസ്മസ്, തിരുനാളുകൾ എന്നിവ മൂലം മന്ദഗതിയിലായ പശ്ചാത്തലത്തിൽ ജനുവരി അവസാനവാരം മുതൽ തിരഞ്ഞെടുപ്പ് നടപടികളും യൂണിറ്റ് സന്ദർശനങ്ങളും പുനരാരംഭിച്ചുകൊണ്ടിരിക്കുന്നു.

ഫ്രാൻസിസ്കൻ അല്മായസഭയുടെ കേരളത്തിലെ സ്ഥാപകനും കേരള അസ്സീസി എന്ന അപരനാമത്തിൽ അറിയപ്പെടുകയും ചെയ്യുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികളുടെ സമാപ്തിയാഘോഷങ്ങൾ നടന്ന എടത്വ സെന്റ് ജോർജ് ഫൊറോന ദേവാലയത്തിലേക്ക് ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ പ്രസ്തുത ആഘോഷപരിപാടികളിൽ പങ്കെടുക്കുകയും ചങ്ങനാശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിലും കബറിടത്തിങ്കൽ നടന്ന ഒപ്പീസിലും തുടർന്ന് നടന്ന പൊതുസമ്മേളനത്തിലും ആദ്യന്തം സംബന്ധിക്കുകയും ചെയ്തു.

എസ്.എഫ്.ഒ. പാലാ രൂപതാസമിതിയുടെയും റീജിയനുകളുടെയും സംയുക്ത നിർദേശമനുസരിച്ച് ഭാരതത്തിലെ ആദ്യ അല്മായ വിശുദ്ധനായ വി. ദേവസാഹംപിള്ളയുടെ സവിധത്തിലേക്ക് വിവിധ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ തീർഥാടനം സംഘടിപ്പിക്കുകയും ചെയ്തുപോരുന്നു.

"ഏവർക്കും സമാധാനവും സൗഭാഗ്യവും"

**റവ.ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## സി. അലൈൻ മേരി എഫ്.സി.സി.

പാലാ രൂപത മരങ്ങാട്ടുപിള്ളി ഇടവകയിൽ കരിപ്പാത്ത് കുടുംബത്തിൽ ഉതുപ്പ് മാത്തൻ – മാമ്മി ദമ്പതികളുടെ 9 മക്കളിൽ അഞ്ചാമത്തെ സന്താനമായി ഏലിക്കുട്ടി എന്ന വിളിക്കപ്പെടുന്ന സി. അലൈൻ മേരി 17.03.1933 ൽ ഭൂജാതയായി. 23.03.1933 ൽ മാമ്മോദീസാ സ്വീകരിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം 01.07.1957 ൽ കണ്ണാടിയുറുമ്പ് മഠത്തിൽ അർത്ഥിനിയായി ചേർന്നു. 13.04.1959 ൽ ആദ്യവ്രതവാഗ്ദാനവും 24.05.1962 ൽ നിത്യവ്രതവാഗ്ദാനവും നടത്തി നാഥന്റെ സ്വന്തമായിത്തീർന്നു. സി. അലൈൻ മേരി, എഫ്.സി.സി. സന്ന്യാസിനീസമൂഹത്തിന്റെ മാതൃഭവനമായ പോർസ്യുങ്കുളാ ജനറലേറ്റ്, മഞ്ഞാമറ്റം, പാദുവാ, പൂഞ്ഞാർ, കൊഴുവനാൽ, പ്രൊവിൻഷ്യൽ ഹൗസ്, സെറാഫിക് എന്നീ ഭവനങ്ങളിൽ താമസിച്ച് മെസ് മാനേജർ, ഫാം സൂപ്പർവൈസർ, കൗൺസിലർ എന്നീ നിലകളിൽ സ്തുത്യർഹവും ത്യാഗപൂർണ്ണവുമായ സേവനം അനുഷ്ഠിച്ചു.

ദൈവത്തെ സ്നേഹിക്കുക, സഹോദരങ്ങളെ സേവിക്കുക എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം. പുഞ്ചിരിക്കുന്ന വദനത്തോടെ എല്ലാവരെയും സ്വീകരിക്കുന്ന, പ്രാർത്ഥനകൊണ്ട് സഹോദരിമാർക്ക് ബലം പകരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട അലൈൻ മേരിയമ്മ എല്ലാവരുടെയും ഹൃദയത്തിൽ ഇടം കണ്ടെത്തിയിരുന്നു. 2009–ൽ തന്റെ വിശുദ്ധമായ സന്ന്യാസസമർപ്പണജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. തന്റെ സ്വന്തം സഹോദരി സി. ജോസ്‌ലിന്റെ രോഗാവസ്ഥയിലും ദീർഘകാലത്തോളം

ശുശ്രൂഷ നൽകി എന്നത് എടുത്തുപറയേണ്ട കാര്യമാണ്. തന്റെ രോഗാവസ്ഥയിലും പരാതിയോ പരിഭവമോ ഇല്ലാതെ രോഗത്തിന്റെ അസ്വസ്ഥതകളും ബുദ്ധിമുട്ടുകളും ക്ഷമയോടെ സഹിച്ച് അതിൽ ആനന്ദം കണ്ടെത്തുവാൻ അമ്മയ്ക്കു കഴിഞ്ഞു.

22.11.2022 ൽ അമ്മയ്ക്കു ക്ഷീണം വർദ്ധിച്ചതിനാൽ അമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ അഡ്മിറ്റ് ചെയ്തു. മരിയൻ ഹോസ്പിറ്റൽ ചാപ്ല യിൻ ആയിരുന്ന ബഹു. ജോർജ്ജ് ഞാറക്കുന്നേൽ അച്ചനിൽനിന്നു ബോധപൂർവ്വം അമ്മ രോഗീലേപനം സ്വീകരിച്ചു. ക്ഷീണം കുറഞ്ഞ തിനാൽ അമ്മയെ തിരികെ മഠത്തിൽ കൊണ്ടുവരുകയും ചെയ്തു. തിരിച്ച് വന്ന അമ്മ സമൂഹാംഗങ്ങളുടെ സ്നേഹവും കരുതലും ഏറ്റുവാങ്ങി സന്തോഷത്തോടെ ആയിരിക്കവേ, 31.12.2022-ൽ രാവിലെ 5.00 ന് വീണ്ടും അമ്മയെ ഹോസ്പിറ്റലിൽ അഡ്മിറ്റാക്കി. തുടർന്ന് 5.45 am ന് അമ്മയുടെ ആത്മാവ് ദിവ്യനാഥന്റെ സവിധത്തിലേക്ക് ശാന്തമായി പറന്നുയർന്നു.

02.01.2023 തിങ്കളാഴ്ച 12.30 pm ന് ഭവനത്തിൽ ആരംഭിച്ച മൃത സംസ്കാരകർമ്മങ്ങൾക്ക് കൊട്ടാരമറ്റം ഒ.ഡി.ഡി. ആശ്രമസുപ്പീരിയർ ബഹു. ഫാ. തോമസ് കപ്പലുമാക്കലും, ഫാ. ജോസഫ് ഒ.സി.ഡിയും കാർ മ്മികത്വം വഹിച്ചു. ലളിതവും ശാന്തവും അദ്ധ്വാനപൂർണ്ണവുമായ ജീവിത ത്തിന്റെ ഉടമയാണെന്നും ഈ ലോകത്തിലെ തീർത്ഥയാത്ര അവസാ നിച്ചെന്നും ദൈവികദർശനത്തിന്റെ ജീവിതം ആരംഭിച്ചെന്നും, അതിനായി ബഹു. അലൈൻ മേരിയമ്മ യാത്രയായി എന്നും ബഹു. ജോസഫ് അച്ചൻ തന്റെ അനുശോചനസന്ദേശത്തിൽ പറഞ്ഞു. 1.30 pm ന് ഭവനത്തിൽ ആരംഭിച്ച പ്രാർത്ഥനാശുശ്രൂഷയ്ക്കു നേതൃത്വം കൊടുത്തത് ബഹു. അലൈൻ മേരിയമ്മയുടെ ബന്ധുവായ ബഹു. ജോസ് പെരിങ്ങാശ്ശേരി അച്ചനാണ്. 1.45 pm ന് മൃതദേഹം അരുണാപുരം പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. ദേവാലയത്തിലെ കർമ്മങ്ങൾക്ക്, പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. ജോസഫ് തടത്തിലച്ചനാണ് മുഖ്യകാർമ്മി കത്വം വഹിച്ചത്. അമ്മയുടെ ശുശ്രൂഷകളെക്കുറിച്ചും, അമ്മയുടെ സമർപ്പണജീവിതത്തിന്റെ വിശുദ്ധിയെക്കുറിച്ചും, സമർപ്പിത എന്ന നിലയിൽ സഭയ്ക്കു നൽകിയ സേവനങ്ങൾക്ക് കൃതജ്ഞത പ്രകാശി പ്പിച്ചും അച്ചൻ സംസാരിച്ചു. തുടർന്ന് മൃതദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം അലൈൻ മേരിയമ്മയെ നിത്യകിരീടം അണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. മേരി പാത്രപാങ്കൽ എഫ്.സി.സി.

ചങ്ങനാശ്ശേരി അതിരൂപത, കുരോപ്പട ഇടവകയിൽ പാത്രപാങ്കൽ കുടുംബത്തിൽ വർക്കി-അന്ന ദമ്പതികളുടെ അഞ്ചുമക്കളിൽ മൂന്നാമത്തെ സന്താനമായി 1942 ഡിസംബർ 25-ാം തീയതി സി. മേരി ഭൂജാതയായി. മാമ്മോദീസായിൽ മേരി എന്ന പേര് സ്വീകരിച്ചു. 1960-ൽ മഞ്ഞാമറ്റം സെന്റ് ജോസഫ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസായശേഷം വളക്കാട്ടുകുന്ന് നൊവിഷ്യേറ്റ് ഹൗസിൽ അർത്ഥിനിയായി ചേർന്നു. 22.05.1963-ൽ സി. മേരി എന്ന പേര് സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനവും 22.05.1969-ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

അധികാരികളിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞ് 1969-ൽ കൊട്ടിയം ഹോളിക്രോസ് ഹോസ്പിറ്റലിൽനിന്ന് നേഴ്സിംഗ് പഠനം പൂർത്തിയാക്കിയതിനെത്തുടർന്ന് റോമിൽ ഒന്നരവർഷക്കാലം ശുശ്രൂഷ ചെയ്തു. സൈക്കോളജിയിലും തിയോളജിയിലും പ്രാഗല്ഭ്യം നേടിയ മേരിയമ്മ തന്റെ കഴിവും ആരോഗ്യവും അപരന്റെ നന്മയ്ക്കായി വ്യയം ചെയ്തു. സൗഖ്യദായകനായ ഈശോയുടെ ഉത്തമമണവാട്ടിയായി നീണ്ട വർഷക്കാലം മരിയൻ മെഡിക്കൽ സെന്ററിലും തുടർന്ന് ആറുവർഷക്കാലം റോമിൽ സാങ്റ്റ ക്യാരയിലും തന്റെ സ്തുത്യർഹമായ സേവനം നിർവ്വഹിക്കുകയും ചെയ്തു.

ഫ്രാൻസിസ്കൻ ജീവിതത്തിന്റെ പ്രത്യേകതയായ സാധുജനസേവനം തന്റെ ജീവിതമാതൃകയായി സ്വീകരിച്ച് അഗതികൾക്കും ആലംബഹീനർക്കുമായി തന്റെ കഴിവും അറിവും വിനിയോഗിക്കുവാൻ സി. മേരി സമയം കണ്ടെത്തി. Nursing Tutor Course പൂർത്തിയാക്കിയ മേരിയമ്മ School of Nursing MMC യുടെ ആരംഭം മുതൽ Nursing Tutor ആയി സേവനം ചെയ്തിരുന്നു. 2001 മുതൽ 2007 വരെ School of Nursing Marian Medical Centre- ൽ പ്രിൻസിപ്പലായി ശുശ്രൂഷ ചെയ്തു. പക്വതയാർന്ന വ്യക്തിത്വത്തിനുടമയായ മേരിയമ്മ തന്റെ സഹപ്രവർത്തകരെ സ്നേഹിക്കുകയും പരിഗണിക്കുകയും ഒന്നിപ്പിച്ചുനിറുത്തുകയും ചെയ്യുന്നതിനൊപ്പം, Nursing Students ന് കരുതലുള്ള ഒരമ്മ, വാത്സല്യനിധിയായ ഒരു വഴികാട്ടി, കൃത്യനിഷ്ഠയും അച്ചടക്കവും പാലിക്കുന്ന Tutor എന്നീ നിലകളിൽ ഉത്തമമാതൃക നൽകുകയും ചെയ്തു. ദീർഘവീക്ഷണത്തിനുടമയായ മേരിയമ്മ തന്റെ സ്നേഹസമ്പന്നമായ ഇടപെടൽവഴി Nursing Students ന്റെ ദൈവവിളി തിരിച്ചറിയുവാൻ സഹായിക്കുകയും സന്ന്യാസ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സമർപ്പണജീവിതത്തോടു വിശ്വസ്തത പുലർത്തിയിരുന്ന സി. മേരി ദൈവം സഭാധികാരികളിലൂടെ തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ അർപ്പണബോധത്തോടും വിശ്വസ്തതയോടുംകൂടി നിർവ്വഹിച്ചിരുന്നു. 2013 ൽ സുവർണ്ണജൂബിലി ആഘോഷിക്കുന്നതിനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. 2011 മുതൽ രോഗത്തിന്റെ അസ്വസ്ഥതകൾ അലട്ടിയിരുന്നുവെങ്കിലും 2018 വരെ മരിയനിൽ അമ്മ തന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചിരുന്നു. 2019 മുതൽ ശയ്യാവലംബയായ മേരിയമ്മ തന്റെ വേദനകളും രോഗത്തിന്റേതായ ക്ലേശങ്ങളും ഈശോയുടെ കുരിശിലെ സഹനത്തോടുചേർത്ത് സന്തോഷത്തോടെ സ്വീകരിച്ചു. തന്റെ സഹോദരങ്ങൾ നൽകുന്ന ശുശ്രൂഷകൾ പരാതിയില്ലാതെ സ്വീകരിച്ച മേരിയമ്മ, സന്തോഷത്തോടും സംതൃപ്തിയോടുംകൂടെ എല്ലാറ്റിനും നന്ദി പ്രകാശിപ്പിച്ചിരുന്നു. 30.12.2022ൽ മേരിയമ്മയുടെ രോഗനില ഗുരുതരമായതിനെത്തുടർന്ന് ബഹു. ജയിംസ് ആരംപുളിക്കലച്ചനിൽനിന്ന് രോഗീലേപനം സ്വീകരിക്കുകയും ചെയ്തു. 01.01.2023 ൽ ബഹു. ചാപ്ലയിനച്ചനിൽനിന്നു പൂർണ്ണദണ്ഡവിമോചനവും അവസാന ആശീർവ്വാദവും സ്വീകരിച്ചു. 01.01.2023 6.15 pm ന് ബഹു. പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സന്ന്യാസസഹോദരങ്ങളും പ്രാർത്ഥനാനിരതരായി നോക്കി നിൽക്കെ അമ്മയുടെ പാവനാത്മാവ് ശാന്തമായി ഈശോയുടെ സവിധത്തിലേക്കു പറന്നുയർന്നു.

ജനുവരി 3-ാം തീയിതി ചൊവ്വാഴ്ച രാവിലെ 10 മണിയ്ക്ക് ബഹു. ഫാ. മാത്യു മാടയാങ്കൽ സി.എം.ഐ.. ബഹു. ഫാ. സിബി പാറടിയിൽ OFM Cap., ബഹു. ഫാ. തോമസ് വാലുമ്മേൽ എന്നിവർ ചേർന്ന് അർപ്പിച്ച സമൂഹബലിമദ്ധ്യേ ബഹു. ഡോ. ജോർജ്ജ് ഞാറക്കുന്നേലച്ചൻ ചരമ പ്രസംഗം നടത്തി. തുടർന്ന് മൃതദേഹം അരുണാപുരം സെന്റ് തോമസ് പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിൽ നടന്ന ശുശ്രൂഷകൾക്ക് ബഹു. വികാരിയച്ചൻ ഫാ. മാത്യു പുല്ലുകാലായിൽ കാർമ്മികത്വം വഹിച്ചു. പാലാ രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. ജോസഫ് തടത്തിൽ അനുശോചനസന്ദേശം നൽകി. തുടർന്ന് അരുണാപുരം സെന്റ് തോമസ് പള്ളി സെമിത്തേരി ദേവാലയത്തിലെ കല്ലറയിൽ അമ്മയുടെ മൃതദേഹം സംസ്കരിച്ചു. ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്ത്വത്തിന്റെ കിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. സ്റ്റെല്ലാ മരിയ എഫ്.സി.സി.

കാഞ്ഞിരപ്പള്ളി രൂപതയിൽ ചെങ്ങളം ഇടവക പുതുവയലിൽ കുഞ്ഞൗത- കുഞ്ഞുത്രേസ്യാ ദമ്പതികളുടെ 8 മക്കളിൽ രണ്ടാമത്തെ സന്താനമായി 1929 മെയ് 13 ന് മറിയക്കുട്ടി ഭൂജാതയായി. മാമ്മോദീസായിൽ മറിയം എന്ന നാമം നൽകപ്പെട്ടു.

ആനിക്കാട് വിവേകാനന്ദ പബ്ലിക് സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസവും, പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്. എൽ.സിയും പാസ്സായ മറിയക്കുട്ടി, 1950-ൽ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. ളാലം മഠത്തിൽ പ്രീ-പോസ്റ്റുലൻസിയും പോസ്റ്റുലൻസിയും പൂർത്തിയാക്കിയ മറിയക്കുട്ടി 1951 മെയ് 17 ന് സഭാവസ്ത്രം സ്വീകരിച്ച് സി. സ്റ്റെല്ലാ മരിയ എന്ന പേര് സ്വീകരിച്ചു. 1952 സെപ്റ്റംബർ 22 ന് പ്രഥമവ്രതവാഗ്ദാനം ചെയ്ത സി. സ്റ്റെല്ലാ മരിയ 1960 ഡിസംബർ 8 ന് നിത്യമായ സമർപ്പണത്തിലൂടെ, നാഥന്റെ സ്വന്തമായി തീർന്നു.

1955-ൽ ബാംഗ്ലൂർ സെന്റ് മർത്താസ് ഹോസ്പിറ്റലിൽനിന്ന് നേഴ്സിംഗും 1956 ൽ Trichi Child Jesus ഹോസ്പിറ്റലിൽനിന്ന് Midwifery യും, 1969 ൽ Bangalore All India Institute of Mental Hospital ൽനിന്ന്, സൈക്ക്യാട്രിക് നഴ്സിംഗും പാസ്സായ സ്റ്റെല്ലാമ്മ, ആതുരശുശ്രൂഷാരംഗത്ത് സജീവമായിരുന്നു.

ബാംഗ്ലൂർ സെന്റ് മർത്താസ് ഹോസ്പിറ്റൽ, ട്രിച്ചി ചൈൽഡ് ജീസസ് ഹോസ്പിറ്റൽ, കൊഴുവനാൽ ഫാത്തിമാമിഷൻ ഹോസ്പിറ്റൽ, കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ഹോസ്പിറ്റൽ, ചെമ്പേരി വിമല ഹോസ്പിറ്റൽ, ചങ്ങനാശ്ശേരി അൽഫോൻസാ ഹോസ്പിറ്റൽ, ഇംഫാൽ മിഷനിലെ സുഗണു എന്നിവിടങ്ങളിൽ നഴ്സായി അമ്മ സേവനമനുഷ്ഠിച്ചു. ചുരുങ്ങിയ ഒരു കാലഘട്ടം പാളയം മഠത്തോടനുബന്ധിച്ച് ഒരു ഡിസ്പെൻസറി അമ്മ നടത്തിയിട്ടുണ്ട്. ശ്രീ ബേബി മൂഴയിലിന്റെ നേതൃത്വത്തിൽ മാനസിക രോഗികളെ താമസിപ്പിച്ച് ചികിത്സിച്ചിരുന്ന ആശാനിലയം, പ്രൊവിഡൻസ് ക്ലിനിക് എന്നീ സ്ഥാപനങ്ങളിൽ 1968 മുതൽ 1994 വരെ നീണ്ട 26 വർഷം സ്റ്റെല്ലാമ്മ നിസ്വാർത്ഥസേവനം കാഴ്ചവച്ചു. രോഗീശുശ്രൂഷാമേഖലയിൽ ഒരു നഴ്സിന്റെയും ഡോക്ടറിന്റെയും ഉത്തരവാദിത്വം അമ്മ നിർവ്വഹിച്ചിരുന്നു. മാനസികരോഗികൾക്കുള്ള സ്ഥാപനങ്ങളിൽ സേവനം ചെയ്തപ്പോൾ മാനസികരോഗികൾക്ക് മാത്രമല്ല മറ്റു രോഗികൾക്കും അമ്മ ഒരു അത്താണിയായിരുന്നു. വീടുകളിലെ കിടപ്പുരോഗികളെ വീടുകളിലെത്തി അന്വേഷിക്കാനും വേണ്ട ശുശ്രൂഷകൾ നൽകാനും സ്റ്റെല്ലാമ്മ സമയം കണ്ടെത്തിയിരുന്നു.

1952-ൽ സഭയുടെ പുതിയ കാൽവയ്പ് എന്ന നിലയിൽ, നേഴ്സിംഗ് പഠനത്തിന് ഇറങ്ങിത്തിരിച്ച ആദ്യസന്ന്യാസിനി. 1966 ൽ എഫ്.സി.സി. മണിപ്പൂർ മിഷൻ ഏറ്റെടുത്തപ്പോൾ അവിടേക്ക് പുറപ്പെട്ട സന്ന്യാസിനി. മാനസികരോഗികളെ ശുശ്രൂഷിക്കുന്നതിന് പരിശീലനം നേടി, ആ രംഗത്തു പ്രവർത്തിക്കുക എന്നത് ഒരു വെല്ലുവിളിയായി ഏറ്റെടുത്ത സന്ന്യാസിനി. Midwifery പഠിച്ച് സേവനരംഗത്ത് നിറസാന്നിദ്ധ്യമായ സന്ന്യാസിനി. ഈ വിശേഷണങ്ങളൊക്കെ സ്റ്റെല്ലാമ്മയ്ക്കു സ്വന്തം.

1994 ൽ സഭാധികാരികളുടെ അനുവാദത്തോടെ ആതുരശുശ്രൂഷാ മേഖലയിൽനിന്ന് സ്റ്റെല്ലാമ്മ വിരമിച്ചു. അനന്തരം ളാലം മഠത്തിൽ തന്റെ പ്രേഷിതശുശ്രൂഷ തുടർന്നു. ളാലം മഠത്തിൽ അസിസ്റ്റന്റ് സുപ്പീരിയർ, ലോക്കൽ കൗൺസിലർ, മെസ് മാനേജർ, രോഗീശുശ്രൂഷി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. എല്ലാ സിസ്റ്റേഴ്സിനും പ്രത്യേകിച്ച്, രോഗികളായ സിസ്റ്റേഴ്സിന് നല്ല പരിഗണനയും ശുശ്രൂഷയും നൽകാൻ സ്റ്റെല്ലാമ്മ ശ്രദ്ധാലുവായിരുന്നു. ഇടവകയുടെയും സന്ന്യാസഭവനത്തിന്റെയും അഭ്യുന്നതിക്കായി സഹകരിച്ചു പ്രവർത്തിച്ചിരുന്ന സ്റ്റെല്ലാമ്മ, പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും അധികാര വിധേയത്വത്തിന്റെയും ആൾരൂപമായിരുന്നു.

കോവിഡ് മഹാമാരിക്കാലത്ത് സ്റ്റെല്ലാമ്മ രണ്ട് തവണ കോവിഡ് ബാധിതയായി. രണ്ടാമത് കോവിഡ് ബാധിച്ചതിനെത്തുടർന്ന് അമ്മ ശയ്യാവലംബയായി. ക്ഷീണാവസ്ഥയിലും ക്രൂശിതരൂപം അമ്മ കൈവിട്ടിരുന്നില്ല. 2022 നവംബർ 16 ന് ക്ഷീണം വർദ്ധിച്ചതിനെത്തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിലെത്തിച്ച് അമ്മയ്ക്ക് ചികിത്സ നൽകി. 20-ാം തീയതി തിരികെ ഭവനത്തിലെത്തി വീണ്ടും രോഗത്തിന്റെ ക്ലേശവും വാർദ്ധക്യസഹജമായ അസ്വസ്ഥതകളുംമൂലം അമ്മ ക്ഷീണിതയായി. 2023 ജനുവരി 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.35 ന് ളാലം പഴയപള്ളി അസിസ്റ്റന്റ് വികാരി ബഹു. സ്കറിയ മേനാമ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ, ബഹുമാനപ്പെട്ട മദറും സന്ന്യാസസഹോദരങ്ങളും പ്രാർത്ഥനാനിരതരായി സമീപത്തുനിൽക്കെ, ഒരു ചിറകടിശബ്ദംപോലും കേൾപ്പിക്കാതെ, അമ്മയുടെ പാവനാത്മാവ് ദിവ്യനാഥനിൽ ലയിച്ചു.

3.01.2023 ചൊവ്വാഴ്ച വൈകിട്ട് 6 ന് സ്റ്റെല്ലാമ്മയുടെ മൃതദേഹം മഠം ചാപ്പലിലെത്തിച്ചു. പിറ്റേന്ന് 4.01.2023 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 ന് അമ്മയുടെ ബന്ധുവായ ബഹു. ജെയിംസ് ആരംപുളിക്കലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിമദ്ധ്യേ ബഹു. ജോസഫ് തെക്കുമറ്റത്തിൽ ഒ.സി.ഡി. ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം ളാലം പഴയപള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മോൺ. ജോസഫ് തടത്തിൽ ചരമപ്രസംഗം നടത്തുകയും സമാപനശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അനേകം വൈദീകരുടെയും സമർപ്പിതരുടെയും കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ 4.30 pm ന് മൃതദേഹം ളാലം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദൈവം തന്റെ ദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. അനിറ്റ വയലിൽ എസ്.എം.സി.

പാലാ രൂപത, ചേന്നാട് ഇടവക വയലിൽ വർക്കി-മറിയാമ്മ ദമ്പതികളുടെ എട്ട് മക്കളിൽ മൂത്ത മകളായി 13/10/1939 ൽ ജനിച്ച അനിറ്റാമ്മക്ക് മാമോദീസായിൽ ലഭിച്ച പേര് അന്നമ്മ എന്നായിരുന്നു. തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഒരു വിശുദ്ധയാകണമെന്ന ആഗ്രഹത്തോടെ 15/10/1973-ൽ മൂലമറ്റം സെന്റ് മർത്താസ് സമൂഹത്തിൽ അംഗമായി, സമർപ്പിതജീവിതത്തിൽ പ്രവേശിച്ചു. സന്ന്യാസപരിശീലനത്തിനുശേഷം 21- 05-1975-ൽ ആദ്യവ്രതവും, 04/05/1981 -ൽ നിത്യവ്രതവും സ്വീകരിച്ച് നാഥന്റെ സ്വന്തമായിത്തീർന്നു.

മൂലമറ്റം, അമനകര, കുടയത്തുർ, കോട്ടയം, പൈങ്കുറ്റി, കുമാരനല്ലൂർ, പാലാക്കാട്, പാലാ എന്നീ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടു. സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് സന്ന്യാസിനീസമൂഹത്തിന്റെ മുഖമുദ്രകളായ എളിമ, വ്രതബദ്ധജീവിതം, അധ്വാനപൂർണ്ണമായ ജീവിതം, ആഴമായ ദൈവാശ്രയത്വം എന്നിവ അനിറ്റാമ്മയുടെ പ്രത്യേകതകളായിരുന്നു. ആഴമായ പ്രാർത്ഥനജീവിതവും, അധികാരികളെ യാതൊരുവിധ വിട്ടുവീഴ്ചയുമില്ലാതെ പൂർണ്ണമായി അനുസരിക്കുന്നതുമായിരുന്നു അമ്മയുടെ ഏറ്റവും വലിയ പ്രത്യേകതകൾ. സദാസമയം ഒരു ചെറുപുഞ്ചിരിയോടെ ശാന്തമായ പെരുമാറ്റശൈലി സ്വന്തമാക്കിയ വ്യക്തിത്വത്തിന് ഉടമയായിരുന്നു അനിറ്റാമ്മ. നിരന്തരം ദൈവത്തിനും സഹോദരങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് ദൈവസാന്നിധ്യസ്മരണയിൽ ആയിരിക്കുക എന്നത് അനിറ്റാമ്മക്ക് നിർബന്ധമുള്ള കാര്യമായിരുന്നു. അതുപോലെ സഹോദരങ്ങളെ ഒരുപോലെ നിഷ്കളങ്കമായി സ്നേഹിച്ചിരുന്നു.

2022 ഡിസംബർ 31 വരെയുള്ള കാലഘട്ടത്തിൽ ബഹു. അനിറ്റാമ്മ സമൂഹത്തിന്റെ ടൈം ടേബിൾ കൃത്യമായി പാലിച്ചുകൊണ്ട് എല്ലാ കാര്യങ്ങളിലും തീക്ഷ്ണതയോടെ പങ്കെടുത്തിരുന്നു. 2023 ജനുവരി 3-ന് പനിയും, ശാരീരിക അസ്വസ്ഥതയുംമൂലം പാലാ കാർമ്മൽ ആശുപത്രിയിൽ അഡ്മിറ്റായിരുന്ന ഒരു മാസം മുഴുവൻ ഈശോ, സ്വർഗ്ഗം, നന്ദി എന്നീ മൂന്ന് വാക്കുകൾ മാത്രം ഉരുവിട്ടാണ് അനിറ്റാമ്മ കഴിഞ്ഞിരുന്നത്. 2023 ഫെബ്രുവരി 1 ന് പെട്ടെന്ന് ക്ഷീണം വർധിച്ച അനിറ്റാമ്മ രാത്രി 10.15 ന് സഹോദരിമാർ പ്രാർത്ഥനാപൂർവ്വം നോക്കിനിൽക്കേ സ്വർഗ്ഗത്തിലേക്ക് യാത്രയായി.

തുടർന്ന്, പാലാ മരിയൻ സെന്റർ മോർച്ചറിയിൽ സൂക്ഷിച്ച ഭൗതിക ദേഹം 02/02/2023 വ്യാഴാഴ്ച 5 മണിയോടെ പാലാ സെന്റ് മർത്താസ് ജനറലേറ്റിൽ കൊണ്ടുവന്നു. പിറ്റേദിവസം വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ജഗദൽപൂർ രൂപത വൈദികൻ ബഹു. അമർജിത്ത് അച്ചന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധകുർബ്ബാനയോടെ സംസ്കാരശുശ്രൂഷ കൾ ആരംഭിച്ചു. ദേവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു.ജോസഫ് മലേപ്പറമ്പിലച്ചൻ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് മൃതദേഹം ളാലം സെന്റ് ജോർജ് ദൈവാലയസെമി ത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം അനിറ്റാമ്മയെ നിത്യ കീരിടമണിയിക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| | | JANUARY 2023 |
|---|---|---|
| 1 | 2.15 pm | മുളക്കുളം ഇടവകയിൽ മ്ശംശാനമാരായ പെരിയപ്പുറത്ത് അബ്രഹാം, പെരിങ്ങാമലയിൽ ഐസക് എന്നിവർക്ക് പൗരോഹിത്യപട്ടം നൽകി. |
| | 06.00 pm | കയ്യൂർ ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു. |
| 2 | 9.15 am | അൽഫോൻസാഗിരി ഇടവകയിൽ മ്ശംശാന അട്ടാങ്ങാട്ടിൽ ജോസഫിന് പൗരോഹിത്യപട്ടം നൽകി. |
| | 2.15 pm | ഉള്ളനാട് ഇടവകയിൽ മ്ശംശാന വാഴേപ്പറമ്പിൽ സക്കറിയായ്ക്ക് പൗരോഹിത്യപട്ടം നൽകി. |
| | 5.15 pm | കടുത്തുരുത്തി ഫൊറോനയിൽ ബഹു. കുര്യൻ ആനിത്താനം അച്ചന്റെ പിതാവ് ബഹു കുര്യൻ ഔസേപ്പിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 3 | 9.15 am | മഞ്ഞാമറ്റം ഇടവകയിൽ മ്ശംശാന വയലിൽ മാത്യു CST ക്ക് പൗരോഹിത്യപട്ടം നൽകി. |
| | 2.15 pm | കൂടല്ലൂർ ഇടവകയിൽ മ്ശംശാന കട്ടിപ്പറമ്പിൽ തോമസിന് പൗരോഹിത്യപട്ടം നൽകി. |
| 4 | 9.15 am | കൊഴുവനാൽ ഇടവകയിൽ മ്ശംശാന ചൂരക്കൽ ജോസഫിന് പൗരോഹിത്യപട്ടം നൽകി. |
| | 11.30 am | ളാലം പഴയപള്ളി ഇടവകയിൽ ഒരു വിവാഹത്തിനു മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 4.00 pm | പ്ലാശ്ശനാൽ ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു. |
| 5 | 9.15 am | ഏഴാച്ചേരി ഇടവകയിൽ മ്ശംശാന നടുവിലെക്കുറ്റ് മൈക്കിളിന് പൗരോഹിത്യപട്ടം നൽകി. |
| 6 | 10.00 am | കത്തീഡ്രലിൽ ദനഹാത്തിരുനാളിനോടനുബന്ധിച്ച് 16 നവവൈദികരോട് ഒന്നിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. അഭി. സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കബറിടത്തിങ്കൽ ഓപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.00 pm | 31-ാമത് സീറോ മലബാർ മെത്രാൻ സിനഡിൽ പങ്കെടുക്കുന്നതിനായി കാക്കനാട് മൗണ്ട് സെന്റ് തോമസ് സീറോ മലബാർ സഭ ആസ്ഥാനത്തേക്കു പോയി. |
| 7-14 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 31-ാമത് സീറോ മലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു. |
| 15 | 7.45 pm | മംഗളാരാം ഇടവകയിൽ പ്രഥമ ഇടയനടുത്ത സന്ദർശനം നടത്തി. വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി, പൊതുയോഗത്തിൽ സംബന്ധിച്ചു, ഭവനസന്ദർശനം നടത്തി. |
| 16 | 6.00 pm | മീനച്ചിൽ ഇടവകയിൽ ഇടവകയുടെ ശതാബ്ദി ആഘോഷസമാപനത്തിൽ അധ്യക്ഷത വഹിച്ചു. |
| 17 | 8.45 am | ളാലം പുത്തൻപള്ളി ഇടവകയിൽ കാര്യത്തിൽ ശ്രീ കെ.റ്റി. സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | പൂവരണി ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 18 | 9.15 am | വാഗമൺ ഇടവകയിൽ മ്ശംശാന കളത്തിപ്പറമ്പിൽ തോമസിന് പൗരോഹിതപട്ടം നൽകി. |
| 19 | 10.30 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന രൂപതാ മാതൃവേദിയുടെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| | 12.15 pm | കോതമംഗലം രൂപത പുറപ്പുഴ ഇടവകയിൽ കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫിന്റെ ഭാര്യ ശ്രീമതി ശാന്തമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. |
| 20 | 4.15 pm | പാലാ കിഴതടിയൂർ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽവച്ചുനടന്ന ആർ.വി. തോമസ് അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തു. |
| 21 | 2.00 pm | മോനിപ്പള്ളി ഇടവകയിൽ പാലാ ഹോം പ്രൊജക്റ്റിന്റെ ഭാഗമായി പണികഴിപ്പിച്ച ഒരു ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 2.30 pm | മോനിപ്പള്ളി ഇടവകയിൽ പുതുതായി പണികഴിപ്പിച്ച മണിയാക്കുപാറ കുരിശുപള്ളിയുടെ കൂദാശകർമ്മം നിർവഹിച്ചു. |
| | 4.30 pm | മുത്തോലി സി.എം.ഐ. ആശ്രമത്തിൽ പുല്ലുപറമ്പിൽ ബഹു. അർസേനിയൂസ് സി.എം.ഐ. അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകർമികത്വം വഹിച്ചു. |
| | 7.00 pm | പാലാ സെന്റ് തോമസ് കോളേജ് മൈതാനത്തു വച്ചു നടന്ന മാർ സ്ലീവാ മെഡിസിറ്റിയുടെ RENDEZUOUS പ്രോഗ്രാമിൽ പങ്കെടുത്തു. |
| 22 | 3.45 pm | മറ്റക്കര ഇടവകയിൽ ഇടവകയുടെ ശതോത്തര രജതജൂബിലിയാഘോഷത്തിന്റെ ഭാഗമായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 23 | 10.00 am | പ്രവിത്താനം ഇടവകയിൽ സെന്റ് മൈക്കിൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദിയാഘോഷത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| | 04.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേർണിങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 24 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ ഹോം പാലാ പ്രൊജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച 7 ഭവനങ്ങളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 5.30 pm | കളത്തുകടവ് ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 25 | 10.00 am | പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികാഘോഷത്തിലും യാത്രയയപ്പു സമ്മേളനത്തിലും പങ്കെടുത്തു. |
| | 5.30 pm | ഇരവിമംഗലം ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സ്നേഹഗിരി മിഷനറി സൊസൈറ്റിയുടെ മഠം വെഞ്ചിരിച്ചു. |
| 26 | 11.00 am | പാലാ പുത്തൻപള്ളിക്കുന്ന് സെന്റ് എഫ്രേം സെമിനാരിയിൽ പേരൻസ് ഡേ മീറ്റിംഗിൽ പങ്കെടുത്തു. |
| | 2.00 pm | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടന്ന വിശ്വാസപരിശീലന വാർഷികത്തിൽ പങ്കെടുത്തു. |
| | 4.00 pm | പിഴക് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 5.30 pm | കയ്യൂർ ഇടവകയിൽ ഒരു വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| 27 | 2.00 pm | ഭരണങ്ങാനം ഇടവകയിൽ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതോത്തരരജത ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. |
| | 5.00 pm | കൂട്ടിക്കൽ ഫോറോനായിൽ ഹോം പാലാ പ്രൊജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച 5 ഭവനങ്ങളുടെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു |
| 28 | 11 am | കയ്യൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 4.00 pm | ഇല്ലിയാരി (ജോസ് മൗണ്ട്) ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 29 | 7.45 am | ഇല്ലിയാരി (ജോസ് മൗണ്ട്) ഇടവകയിൽ ഇടയന ടുത്ത സന്ദർശനം നടത്താനായി എത്തി. വി. കുർബാന അർപ്പിച്ചുസന്ദേശം നൽകി. പൊതു യോഗത്തിൽ സംബന്ധിച്ചു. |
| | 3.00 pm | കോതമംഗലം രൂപത മാലിപ്പാറ ഇടവകയിൽ ബഹു. ആൽവിൻ ഏറ്റുമാനുക്കാരൻ അച്ചന്റെ പിതാവ് ശ്രീ തിമോത്തി എബ്രഹാത്തിന്റെ (മാത്തുകുട്ടി) മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.30 pm | കത്തീഡ്രലിൽ ഒരു ചാപ്പൽ വെഞ്ചിരിച്ചു. |




## Homoeopathy

- Allergic Disorders
- Metabolic Disorders
- Rheumatic Diseases
- Paediatric Ailments
- Thyroid Disorders
- Cancer
- Ano-Rectal Diseases
- Geriatric Ailments
- Renal Calculi

## Ayurveda

- Panchakarma, Diet, Yoga
- Infertility & Menstrual Disorders
- Intervertebral Disc Disorders
- Postnatal Treatment
- Rehab & Rejuvenation
- Integrated Ayush Treatment

## Naturopathy

- Herbal Therapy
- Pulse Diagnosis
- Acupuncture
- Chiropractice
- Diet Therapy

## Modern Medicine

- Over 45 Specialities
- 200+ Doctors
- 650 Beds
- 140 ICU Beds
- Organ Transplant
- Comprehensive Radiology

For Appointments
**04822 359 900 | 04822 269500 / 700**

**OP** 09:00 AM - 05:00 PM | Monday - Saturday

For booking appointments online, **scan QR code**

Cherpunkal, Pala | marsleevamedicity.com | Connect on :

2023
FEBRUARY

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



ഫാ. കുഴിവേലിത്തടത്തിൽ ജോസഫ്
അസി. വികാർ, മുത്തോലപുരം

ഫാ. ആലപ്പാട്ടുകോട്ടയിൽ സെബാസ്റ്റ്യൻ
അസി. വികാർ, പാലാ കത്തീഡ്രൽ

ഫാ. ആന്റണി ഞരളക്കാട്ട്
അസി. വികാർ, കളത്തൂർ

ഫാ. താന്നിമലയിൽ തോമസ്
അസി. വികാർ, മൂലമറ്റം

ഫാ. കണിയാംപടി മാത്യു
അസി. വികാർ, രത്നഗിരി

ഫാ. കൊല്ലിയിൽ ആന്റണി
അസി. വികാർ, പ്ലാശനാൽ

ഫാ. ആറ്റുചാലിൽ ജോസഫ്
അസി. വികാർ, പൂഞ്ഞാർ

ഫാ. തറപ്പേൽ ജോർജ്
അസി. വികാർ, അറക്കുളം ന്യൂ

ഫാ. മുക്കൻതോട്ടത്തിൽ ജോസഫ്
അസി. വികാർ, അരുവിത്തുറ

ഫാ. പെരിയപ്പുറത്ത് അബ്രഹാം
അസി. വികാർ, ഏന്തയാൽ

ഫാ. പെരിങ്ങമലയിൽ ഐസക്
അസി. വികാർ, കടനാട്

ഫാ. അട്ടാങ്ങാട്ടിൽ ജോസഫ്
അസി. വികാർ, കൂത്താട്ടുകുളം

ഫാ. വാഴേപ്പറമ്പിൽ സക്കറിയ
അസി. വികാർ, മോനിപ്പള്ളി

ഫാ. കട്ടിപ്പറമ്പിൽ തോമസ്
അസി. വികാർ, ചെമ്മലമറ്റം

ഫാ. ചൂരയ്ക്കൽ ജോസഫ്
അസി. വികാർ, മാൻവെട്ടം

ഫാ. നടുവിലേക്കുറ്റ് മൈക്കിൾ
അസി. വികാർ, തിടനാട്

# പാലാ രൂപതയുടെ നവവൈദികർക്ക് പ്രാർത്ഥനാശംസകൾ

*Printed at St. Thomas Press, Palai and Published by Fr. Thomas Pezhumkattil*